# കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

## ഒരു വിലയിരുത്തൽ

370

കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
(കെ.എസ്.ടി.എ)
തിരുവനന്തപുരം
1999

അച്ചടി: പി കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിംഗ് ആൻഡ്
പബ്ലിഷിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്
തിരുവനന്തപുരം. 18-2-1999

16420

# കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ഒരു വിലയിരുത്തൽ

## ആമുഖം

ഇന്ത്യയിലെ ഏത് സംസ്ഥാനത്തെക്കാളും വിദ്യാഭ്യാസ കാര്യത്തിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്നത് കേരളമാണ്. മിഷനറി സംഘങ്ങൾ, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ, പുരോഗമന ജനാധിപത്യ സംഘടനകൾ, കേരളത്തിലെ ഭൂവുടമാ ബന്ധങ്ങൾ, കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകിയ ഭരണകൂട നടപടികൾ തുടങ്ങി നിരവധി കാര്യങ്ങൾ വിദ്യാഭ്യാസ വളർച്ചക്ക് സഹായിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വ്യാപനം കേരളത്തിൽ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ഏതുവിഭാഗത്തിൽപ്പെട്ടവർക്കും എത്തിച്ചേരാൻ കഴിയുന്ന വിദ്യാഭ്യാസ സംവിധാനങ്ങൾ കേരളത്തിൽ വികാസം പ്രാപിച്ചിട്ടുണ്ട്. പ്രീ-പ്രൈമറി മുതൽ സർവകലാശാല വരെയുള്ളതോ, അതിനുമുകളിലുള്ളതോ ആയ വിദ്യാഭ്യാസ സൗകര്യങ്ങൾ കേരളത്തിൽ ഉണ്ട്. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക, മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക,

ഏതൊരു രക്ഷിതാവിൻെറയും അത്യുൽക്കടമായ ആഗ്രഹമാണ്.

വിദ്യാഭ്യാസത്തോടുള്ള കേരളീയരുടെ ഈ മനോഭാവത്തെ കമ്പോളവൽക്കരിച്ച് കച്ചവടമാക്കുന്ന അതിശക്തമായ ഏജൻസികളും കേരളത്തിൽ വളർന്നിരിക്കുന്നു. ഈ ശക്തികളുടെ താൽപര്യങ്ങൾക്കനുഗുണമായ ചില ദേശീയ-സാർവദേശീയ നയങ്ങളും സമീപകാലങ്ങളിൽ രൂപംകൊണ്ടിട്ടുണ്ട്. വാണിജ്യവൽക്കരണവും അതിനെ പ്രോൽസാഹിപ്പിക്കുന്ന വർഗീയവൽക്കരണവും ചേർന്നൊരുക്കുന്ന കേരളീയരുടെ വിദ്യാഭ്യാസ മനോഭാവത്തിന് അനഭിലഷണീയമായ മാറ്റം വരുത്തിയിട്ടുണ്ട്. ഇത്തരക്കാരുടെ പ്രചരണതന്ത്രങ്ങളിൽ സാധാരണ ജനങ്ങൾപോലും ആകൃഷ്ടരായിട്ടുണ്ട്. വിദ്യാഭ്യാസ ലക്ഷ്യത്തെപ്പോലും ഇക്കൂട്ടർ തകർത്തു. ഡോക്ടറും എഞ്ചിനീയറും ആകുക വെള്ളകോളർ ജോലി വാങ്ങുക എന്ന നിലയിലേക്ക് വിദ്യാഭ്യാസ ലക്ഷ്യത്തെ ചുരുക്കി.

370

മെച്ചപ്പെട്ട വിദ്യാഭ്യാസമെന്നാൽ കാണാതെ പഠിക്കലും എൻട്രൻസ് എഴുതലും മാത്രമാണെന്ന ധാരണയെ അരക്കിട്ടുറപ്പിക്കുന്ന നടപടികളാണ് പലപ്പോഴും കേന്ദ്രഗവർമെണ്ടും സംസ്ഥാന ഗവർമെണ്ടും സ്വീകരിച്ചത്. വിദ്യാഭ്യാസ വ്യാപനത്തിലൂടെ കേരളീയ സമൂഹം കൈവരിച്ച എല്ലാ നൻമകളും ഇല്ലാതാക്കുന്ന രീതിയിലുള്ള ഭരണകൂടങ്ങൾക്കെതിരായി അത്യുജ്ജ്വലമായ സമരങ്ങളാണ് വിദ്യാഭ്യാസ പ്രേമികൾ നടത്തിയത്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനുള്ള ആ പോരാട്ടം ശക്തമായിരുന്നു. ഇതിൻെറകൂടെ ഫലമായിട്ടാണ് കേരളത്തിൽ ഭരണമാറ്റം ഉണ്ടായതും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവർമെണ്ട് അധികാരത്തിലെത്തിയതും.

സമസ്ത മേഖലകളിലും വികസന പ്രതിസന്ധി നേരിട്ട ഒരു ഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നത്. വിദ്യച്ഛക്തി, വ്യവസായം, വിദ്യാഭ്യാസം, കൃഷി, കാർഷിക ഉൽപാദനം തുടങ്ങി എല്ലാ മേഖലകളേയും സാമൂഹ്യവളർച്ചക്ക് ഉതകുന്ന വിധത്തിൽ പുനഃസംഘടിപ്പിക്കുക എന്ന ചരിത്രദൗത്യം ഏറ്റെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവർമെണ്ട് പ്രതിജ്ഞാബദ്ധമായി.

ആഗോളവൽക്കരണവും ഉദാരവൽക്കരണവും കമ്പോളവൽക്കരണവും നടപ്പാക്കി രാജ്യത്തിൻെറ സ്വാശ്രയത്വം തന്നെ തകർക്കാൻ സാമ്രാജ്യത്വ ശക്തികൾ പുത്തൻ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു.

ഈ നയങ്ങളെ എതിർക്കുന്ന സംസ്ഥാന ഗവർമെണ്ടിന് ഒട്ടേറെ പരിമിതികൾ ഉണ്ട് എങ്കിലും ഈ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ രംഗത്തും സമഗ്രമായ പരിഷ്കരണങ്ങൾക്കാണ് എൽഡിഎഫ് ഗവർമെണ്ട് തുടക്കം കുറിച്ചിരിക്കുന്നത്.

ഈ പരിഷ്കരണങ്ങളിൽ വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾ സർവതല സ്പർശിയാണ്. പ്രീ പ്രൈമറി വിദ്യാഭ്യാസം മുതൽ സർവകലാശാല വിദ്യാഭ്യാസം വരെ വിദ്യാഭ്യാസ ഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ കേരളീയരുടെ വികസന സങ്കൽപങ്ങളുമായി യോജിപ്പിച്ചാണ് നടത്തുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിച്ചെടുക്കണമെങ്കിൽ ഈ മാറ്റം അനിവാര്യമാണ്. മാത്രമല്ല പ്രീ-പ്രൈമറി ഘട്ടം മുതൽ പുനഃസംഘടന ആവശ്യമാണെന്ന നിഗമനങ്ങളാണ് ദേശീയ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളും കമ്മീഷനുകളും പ്രകടിപ്പിച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കരണങ്ങളെ വീക്ഷിക്കേണ്ടത്.

ചിരകാലമായി പരിചയപ്പെട്ടു ശീലമായി കഴിഞ്ഞ വിദ്യാഭ്യാസ ഘടനയ്ക്ക് പെട്ടെന്ന് മാറ്റം വരുത്തുമ്പോൾ ഉണ്ടാകുന്ന അപസ്വരങ്ങളെ പർവതീകരിച്ച് സർക്കാരിനെതിരെ തിരിച്ചുവിടാനാണ് ചില തൽപരകക്ഷികൾ ശ്രമിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് വരേണ്യവൽക്കരണവും വാണിജ്യവൽക്കരണവും വർഗീയവൽക്കരണവും നടത്തി പൊതുവിദ്യാഭ്യാസം തകർക്കാൻ ശ്രമിച്ചവരാണ് ഇപ്പോൾ ലോകബാങ്കിൻെറയും നാണയനിധിയുടെയും പേരുപറഞ്ഞ് എതിർപ്പുമായി വരുന്നത്. വിദ്യാഭ്യാസ കച്ചവടത്തിന് കൂട്ടുനിന്ന ഇവർ ഇപ്പോൾ കുമ്പസാരത്തിൻെറ ഭാഷയിൽ സംസാരിക്കുന്നു. 57 ലെ വിദ്യാഭ്യാസ നിയമത്തിനെതിരെ വിമോചനസമരത്തിന് ആളെക്കൂട്ടിയ ചില അധ്യാപക സംഘടനകളാകട്ടെ, വിദ്യാഭ്യാസ സംരക്ഷകരും അധ്യാപക സ്നേഹികളുമായി രംഗത്തുണ്ട്. കേരളത്തിൽ നടക്കുന്ന വിദ്യാഭ്യാസ മാറ്റങ്ങൾ വരേണ്യ വിദ്യാഭ്യാസത്തിന് എതിരാണ് എന്നുകണ്ട ചില മാധ്യമഭീകരർ വിദ്യാഭ്യാസ പരിഷ്കാരങ്ങളെ തലങ്ങും വിലങ്ങും എതിർക്കുകയാണ്. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ പരിഷ്കാരങ്ങളെ ശ്രദ്ധയോടെ നിരീക്ഷിക്കാൻ കെഎസ്ടിഎ തയ്യാറായത്.

വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണങ്ങളെക്കുറിച്ച് നാനാമേഖലകളിൽപ്പെട്ട വിദഗ്ധരുമായി കെഎസ്ടിഎ പ്രാഥമിക ചർച്ചകൾ നടത്തി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ

ചോദ്യാവലികൾ തയ്യാറാക്കി. 98 ഒക്ടോബർ 24, 25 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ശിൽപശാല നടത്തി.

കരിക്കുലം - പാഠപുസ്തകങ്ങൾ, അധ്യാപനസഹായി, അധ്യാപകപരിശീലനം, മൂല്യനിർണ്ണയം, വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യ ഇടപെടൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ചർച്ചകൾ നടന്നു. ആ ചർച്ചകളുടെ പൊതുവായ ക്രോഡീകരണമാണ് ഈ രേഖ.

ഇന്ന് നടത്തുന്ന പരിഷ്കരണങ്ങൾ അവധാനതയോടെയല്ല നടപ്പിലാക്കിയതെന്നുള്ള വിമർശനവും കെഎസ്ടിഎക്കുണ്ട്. ചിരപരിചിതമായ ഒരു ഘടനയെ മാറ്റുമ്പോൾ അവശ്യം ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയില്ല. വിദ്യാഭ്യാസ കാര്യങ്ങളിൽ ഏറ്റവുമധികം പ്രതികരണശേഷിയുള്ള ജനതയെന്ന നിലയിൽ മാറ്റങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണവും നടത്തിയില്ല. ചില മാറ്റങ്ങൾ "സർക്കാർ കാര്യം മുറപോലെ" എന്ന രീതിയിലുമായി ഈ പോരായ്മകൾ പരിഹരിച്ചുകൊണ്ട് വിദ്യാഭ്യാസ പരിഷ്കരണങ്ങളെ കുറ്റമറ്റതാക്കാനുള്ള നിർദ്ദേശങ്ങളും നടപടികളുമാണ് കെഎസ്ടിഎ മുന്നോട്ടുവയ്ക്കുന്നത്. വിദ്യാഭ്യാസ താൽപര്യമുള്ള എല്ലാവരുടേയും വിലയിരുത്തലിനും ചർച്ചയ്ക്കുവേണ്ടി ഈ രേഖ കേരളീയ സമൂഹത്തിനുമുന്നിൽ സമർപ്പിക്കുന്നു.

തിരുവനന്തപുരം, ജനറൽസെക്രട്ടറി,
25-1-1999. കെ.എസ്.ടി.എ. സംസ്ഥാന കമ്മിറ്റി.

# കരിക്കുലം എന്ത്?
# എന്തിന്? എങ്ങിനെ?

വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ അതിൻെറ ലക്ഷ്യം കൃത്യമായി നിർവചിക്കണം. വിദ്യാഭ്യാസം ഒരു സാമൂഹ്യപ്രക്രിയയാണ്. അതുകൊണ്ട് സമൂഹബന്ധിതമായ ലക്ഷ്യമായിരിക്കണം അതിനുണ്ടാകേണ്ടത്. ഇപ്പോൾ വിദ്യാഭ്യാസത്തിന് ഇങ്ങനെ ഒരു ലക്ഷ്യം ഇല്ല. മറിച്ച് പ്രഖ്യാപിതമല്ലെങ്കിലും വളരെ ഭംഗിയായി നിർവഹിക്കപ്പെടുന്ന ഒരു ഉപരിവർഗ്ഗലക്ഷ്യം അതിനുണ്ടുതാനും. പ്രതികരിക്കാനാവാത്ത വിധത്തിൽ വ്യക്തിയെ പരുവപ്പെടുത്തുകയാണ് ആത്യന്തികമായി ഇന്ന് വിദ്യാഭ്യാസം നിർവഹിക്കുന്നത്. സമൂഹത്തിൽനിന്ന് തീർത്തും വെട്ടിമാറ്റപ്പെടുകയും സമഗ്രമായ വീക്ഷണം നഷ്ടപ്പെടുകയും ചെയ്യുമ്പോൾ വ്യക്തി കമ്പോളത്തിൻെറ നീരാളിപ്പിടിത്തത്തിന് വിധേയനാകുന്നു. ഉത്തരത്തിൽ വ്യക്തിയെ മാറ്റിയെടുക്കുന്ന ഉപരിവർഗ്ഗ പ്രത്യയശാസ്ത്രത്തിൻെറ ആശയപരമായ ഉപകരണമാണ് (Ideological Apparatus) ഇന്നത്തെ വിദ്യാഭ്യാസം. ഈ നിലയിൽനിന്ന് വിദ്യാഭ്യാസത്തെ സാമൂഹ്യവിമോചനത്തിനുള്ള ഉപകരണമാക്കി മാറ്റിയെടുക്കേണ്ടതുണ്ട്. ഈ സ്വപ്നം മനസ്സിൽ വെച്ചുകൊണ്ടാണ് നമ്മുടെ പൂർവികൻമാർ വിവരാണാതീതമായ ക്ലേശങ്ങൾ സഹിച്ച് അവശനേയും ആർത്തനേയും മർദ്ദിതനേയും അക്ഷരത്തിൻെറ ലോകത്തേക്ക് പിടിച്ചുയർത്തിയത്. നമുക്ക് ഈ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

## വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്തായിരിക്കണം

വിദ്യാഭ്യാസത്തിനുവേണ്ടി സമൂഹം ധാരാളം നിക്ഷേപം നടത്തുന്നുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം സമൂഹത്തിൻെറ വികസന ആവശ്യങ്ങളെ തൃപ്തിപ്പെടുത്തലാണ്. ഇത് തീരുമാനിക്കേണ്ടത് മൊത്തം സമൂഹമാണ് എങ്കിലും അതിൻെറ ചില ഘടകങ്ങൾ പരിശോധിക്കാം.

- മതനിരപേക്ഷ സമൂഹത്തിൽ സാമ്രാജ്യത്വവിരുദ്ധ ജനാധിപത്യ മൂല്യങ്ങളോടെ ജീവിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുക.
- ഉൽപാദനക്ഷമതയിൽ നേരിട്ട് ഇടപെടുന്നതിന് വ്യക്തിയെ സന്നദ്ധ

നാക്കുക.
- അന്വേഷണാത്മകത വളർത്തുക.
- പ്രകൃതിയുമായി ക്രിയാത്മകമായി ഇടപെടാനുള്ള കഴിവ് വളർത്തുക.
- വിശ്വമാനവിക ബോധത്തിലേക്ക് ആനയിക്കുക.

ഈ പട്ടിക ഇനിയും നീട്ടാം. ചുരുക്കത്തിൽ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ഇത്രയെങ്കിലും ആകണം.

മുകളിൽപറഞ്ഞ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടണമെങ്കിൽ വ്യക്തികളിൽ ചില കഴിവുകളും മനോഭാവങ്ങളും മൂല്യങ്ങളും മറ്റും വളർത്തണം. ഇവ വളരണമെങ്കിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്ന എല്ലാ ഘടകങ്ങളും (കുട്ടി, അധ്യാപകൻ, രക്ഷിതാവ്, സമൂഹം, ഭരണകൂടം) നിശ്ചിതമായ കുറെ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. കരിക്കുലമെന്നാൽ ഈ അനുഭവങ്ങളുടെ ആകെ തുകയായിരിക്കണം. ഈ അനുഭവങ്ങളെ വളർത്തിയെടുക്കാൻ കഴിയുന്നതാകണം പാഠപുസ്തകം. അധ്യാപക പരിശീലനം തുടങ്ങിയവയെല്ലാം. എന്നാൽ കാലാകാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കരിക്കുലത്തിലും പാഠ്യപദ്ധതിയിലും അതിൻെറ ഭാഗമായ മൂല്യനിർണ്ണയത്തിലും ഈ സാധ്യതകൾ കുറവാണ്. ഈ സ്ഥിതി മാറണമെങ്കിൽ വ്യാപകമായ ബഹുജനബോധവൽക്കരണത്തിലൂടെ ജനകീയമായ ഒരു കരിക്കുലം രൂപപ്പെടണം. ഈ കരിക്കുലം രൂപപ്പെടുമ്പോൾ
- വിദ്യാഭ്യാസം വഴി സമൂഹത്തിൽ വരേണ്ട പ്രതിഫലനങ്ങൾ
- ഉൽപാദനമേഖലയുമായി ബന്ധപ്പെടൽ തുടങ്ങിയ കാര്യങ്ങൾ മനസിലുണ്ടാകണം.

## എന്താണ് കുട്ടിയുടെ പ്രകൃതം

ഈ കരിക്കുലം ചിട്ടപ്പെടുത്തുമ്പോൾ കുട്ടിയുടെ പ്രകൃതം, പഠനപ്രക്രിയ തുടങ്ങിയ കാര്യങ്ങളും ശ്രദ്ധിക്കണം. വളർച്ചയുടെ ഓരോ ഘട്ടത്തിലും കുട്ടിയുടെ പ്രകൃതം വ്യത്യസ്തമാണ്. വൈകാരികതലത്തിന് പ്രകടമായ വ്യത്യാസമുണ്ട്. എങ്കിലും ശിശുപ്രകൃതത്തെ ഇങ്ങനെ വിശകലനം ചെയ്യാം.
- വിവിധതരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഇഷ്ടപ്പെടുന്നു.
- അന്വേഷണങ്ങൾ നടത്താൻ തൽപരനാണ്.
- വിവിധ തരത്തിൽ പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു.

(പറഞ്ഞ്, എഴുതി, ചിത്രം വരച്ച്, അഭിനയിച്ച് തുടങ്ങി)
- പരസ്പര സമ്പർക്കത്തെ ഇഷ്ടപ്പെടുന്നു.
- എല്ലായ്പോഴും പുതുമയുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

• സ്നേഹവും അംഗീകാരവും കൊതിക്കുന്നു.

കുട്ടിയുടെ പ്രകൃതത്തെ ഇനിയും ഇഴപിരിക്കാൻ കഴിയും.

മേൽപറഞ്ഞ പരിമിതമായ വേർതിരിവുകൾ വെച്ച് പരിശോധിച്ചാൽ കുട്ടി കാര്യങ്ങൾ പഠിക്കുമ്പോൾ

• മുന്നനുഭവങ്ങളുമായി ബന്ധപ്പെടുത്തുന്നു.
• ഊഹങ്ങൾ നടത്തുന്നു.
• സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു.
• കാര്യകാരണസഹിതം നിഗമനങ്ങൾ നടത്തുന്നു.
• ഇതിനെ പ്രയോഗിച്ചു നോക്കുന്നു.

സ്വാഭാവികമായി പഠനം നടക്കേണ്ടത് ഈ രീതിയിലായിരിക്കണം.

## പഠനാന്തരീക്ഷം

ഈ രീതിയിലുള്ള പഠനം നടക്കേണ്ടത് ഒരു പ്രത്യേക ചുറ്റുപാടിലായിരിക്കണം. ഒരു കുട്ടിയുടെ ജീവിതത്തിൻെറ ഏറ്റവും അടുത്ത വൃത്തമാണ് ഇവിടെ പ്രയോജനപ്പെടുത്തേണ്ടത്. ഈ അന്തരീക്ഷം അന്വേഷണങ്ങൾ നടത്താൻ വിവിധ രീതിയിൽ പ്രകടിപ്പിക്കാൻ സ്വതന്ത്രമായിരിക്കണം. സമയത്തിൻെറ സമ്മർദ്ദം അനുഭവപ്പെടാത്തതും സ്വയം ആവശ്യബോധം ജനിക്കുന്നതും ചിട്ടവട്ടങ്ങൾക്കിടയിൽ കുടുങ്ങാത്തതുമായ അനൗപചാരിക അന്തരീക്ഷമാവണം.

ഇത്തരം വിശകലനങ്ങളിലൂടെ നമുക്ക് കുട്ടിയെക്കുറിച്ച് ചില ധാരണകളിൽ എത്താം.

• ഒരു പ്രശ്നം അനുഭവപ്പെട്ടാൽ അതിനെ സ്വയം പരിഹരിക്കാൻ ശ്രമിക്കും. അതിൽ സന്തോഷം കാണും.
• സ്വന്തമായ പഠനരീതിയും പഠനവേഗതയുമുള്ളവനാണ്.
• സദാ പ്രവർത്തിച്ചുകൊണ്ടിരിക്കാനും സ്വയം കണ്ടെത്താനും ഇഷ്ടപ്പെടും.
• സന്ദർഭങ്ങൾക്കനുസരിച്ച് പ്രതികരിക്കും.
• ആശയങ്ങൾ ധാരണകൾ കഴിവുകൾ എന്നിവ പ്രയോഗിച്ച് വിപുലപ്പെടുത്തിക്കൊണ്ടിരിക്കും.
• സ്നേഹവും അംഗീകാരവും ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യും.
• ശരിയായ അനുഭവങ്ങളുടെ വെളിച്ചത്തിൽ പോരായ്മകൾ കണ്ടെത്തി പരിഹരിക്കും.
• പുതിയ പുതിയ കാര്യങ്ങൾ അന്വേഷിച്ചറിയും.

• സ്വന്തമായ വ്യക്തിത്വം കാത്തുസൂക്ഷിക്കാൻ സദാ ശ്രമിക്കും.

കരിക്കുലം സൃഷ്ടിയിൽ കുട്ടികളെക്കുറിച്ചുള്ള ഈ ധാരണകളും തിരിച്ചറിവും വളരെയേറെ സ്വാധീനം ചെലുത്തേണ്ട ഘടകങ്ങളാണ്

## കരിക്കുലത്തെ സ്വാധീനിക്കേണ്ടത്

നാം ജീവിക്കുന്ന ചുറ്റുപാടിൻെറ സാമൂഹികവും ചരിത്രപരവും സാംസ്കാരികവും ഭാഷാപരവും സാമ്പത്തികവുമായ എല്ലാ സൂക്ഷ്മാംശങ്ങളും കരിക്കുലത്തെ സ്വാധീനിക്കണം. വിഭവങ്ങൾ/സാമഗ്രികൾ അവയുടെ വിതരണം, ലഭ്യത എന്നീ കാര്യങ്ങൾ കരിക്കുലം രൂപപ്പെടുത്തുമ്പോൾ ശ്രദ്ധിക്കണം. കുട്ടിയെക്കുറിച്ചും അധ്യാപകനെക്കുറിച്ചും ചില ധാരണകൾ രൂപപ്പെടുത്തേണ്ടതുണ്ട്.

നിലവിലുള്ള സമൂഹത്തിൻെറ വിദ്യാഭ്യാസബോധം നിലനിൽക്കുന്ന വിദ്യാഭ്യാസ മാനേജ്മെൻറ് സമ്പ്രദായം, ഭാവിയെക്കുറിച്ചുള്ള ലക്ഷ്യങ്ങൾ ശാസ്ത്രസാങ്കേതിക വികാസം തുടങ്ങി നിരവധി ഘടകങ്ങൾ കരിക്കുലം നിർമ്മിക്കുന്നതിൽ സ്വാധീനം ചെലുത്തണം.

കരിക്കുലം ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും അനുഭവാധിഷ്ഠിതവും, പ്രാദേശികമായി ഭേദപ്പെടുത്താൻ കഴിയുന്നതും ഉൽപാദനമേഖലയിൽ ഇടപെടാനുള്ള കഴിവ് വളർത്തുന്നതുമാവണം. മുകളിൽ വിവരിച്ച കാര്യങ്ങളെല്ലാമടങ്ങുന്ന ഒരു കരിക്കുലം സമീപനരേഖ വികസിപ്പിച്ചുകഴിഞ്ഞാൽ മാത്രമേ തുടർന്നുള്ള പ്രവർത്തനങ്ങളിൽ പ്രവേശിക്കാൻ കഴിയൂ.

## ദീർഘവീക്ഷണം

പ്ലസ് ടു അടക്കമുള്ള വിദ്യാഭ്യാസ കാലത്തെ മൊത്തത്തിൽ പരിഗണിക്കണം. 12 വർഷം വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് എന്തെന്തു കഴിവുകളും മൂല്യങ്ങളും വളർന്നിരിക്കണമെന്ന് കൃത്യമായി തീരുമാനിക്കണം. ഇത് വിദ്യാഭ്യാസ ലക്ഷ്യം നേടാൻ സഹായകമാകുന്ന രീതിയിലായിരിക്കണം. ഈ കഴിവുകളും മൂല്യങ്ങളും വളരാൻ മൊത്തത്തിൽ നൽകേണ്ടുന്ന അനുഭവങ്ങളുടെ വിശാലരൂപം ആസൂത്രണം ചെയ്യണം. ഈ വിശാല അനുഭവങ്ങളെ കുറേക്കൂടി സുവ്യക്തമാക്കുകയും വിവിധ സ്റ്റേജുകൾ (Primary, Secondary, Higher Secondary) തീരുമാനിക്കുകയും ഇവിടങ്ങളിൽ കൈകാര്യം ചെയ്യേണ്ടുന്ന വിഷയങ്ങൾ അവയുടെ സമീപനങ്ങൾ എന്നിവ

കണ്ടെത്തുകയും ഓരോ സ്റ്റേജിലേക്കും ബാധകമായ കരിക്കുലം സ്റ്റേറ്റ്മെൻറുകൾ തയ്യാറാക്കുകയും ചെയ്യണം. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന കരിക്കുലം (Higher Secondary) തലത്തിൽ നിർബന്ധമായും ഉൽപാദനമേഖലയുമായി ബന്ധപ്പെടുത്തി diversification ന് സാധ്യത നൽകുന്നതായിരിക്കണം. വിദ്യാഭ്യാസലക്ഷ്യം നേടിയെടുക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ഇന്നത്തെ വിവിധ Stage കളുടെ ദൈർഘ്യം, ഉള്ളടക്കം എന്നിവയിൽ കാതലായ മാറ്റങ്ങൾ നിർബന്ധമായും വേണ്ടിവരും. വിദ്യാഭ്യാസത്തിൻെറ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടത് എന്നത് സംബന്ധിച്ച് കരിക്കുലം ചില അടിസ്ഥാന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അവ.

## അധ്യാപകനേയും അധ്യാപനത്തേയും സംബന്ധിച്ച്

- കുട്ടി നേടേണ്ട കഴിവുകൾ, അതിനുവേണ്ടുന്ന രീതികൾ, അതിന് അധ്യാപകർ നേടിയെടുക്കേണ്ടുന്ന കഴിവുകൾ, ധാരണകൾ, മനോഭാവങ്ങൾ എന്നിവ നിശ്ചയിക്കാൻ.
- നിരന്തരമായി സ്വന്തം പ്രവർത്തനം വിലയിരുത്തി പരിമിതി തിരിച്ചറിയാനും സ്വയം മെച്ചപ്പെടുത്താനും എന്തു രീതി സ്വീകരിക്കാമെന്നതിനെക്കുറിച്ച്.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ടതെന്തെന്ന് നിശ്ചയിക്കുന്നതിന്, വ്യത്യസ്ഥ പഠനവേഗത, പഠനരീതി എന്നിവ പരിഗണിച്ച് തന്ത്രങ്ങൾ സ്വീകരിക്കാൻ.
- പാഠ്യപദ്ധതി, പാഠപുസ്തകം, അധ്യാപക സഹായി എന്നിവയെ അനുഭവത്തിൻെറ വെളിച്ചത്തിൽ വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കാൻ.
- കേവലമായ പാഠ്യപദ്ധതി രൂപീകരണം എന്നതിനപ്പുറം ഒരു പുതിയ സമൂഹത്തെ രൂപപ്പെടുത്തുന്ന പ്രവർത്തനത്തിലാണ് താനേർപ്പെടുന്നതെന്ന സമഗ്ര വിക്ഷണം ലഭിക്കാൻ.
- മൂല്യനിർണ്ണയം എങ്ങിനെ നടത്തണം? എന്തിനുവേണ്ടിയാകണം എന്നിവയെ സംബന്ധിച്ച് വ്യക്തമായ നയം രൂപപ്പെടുത്തുന്നതിന്.
- പഠനസാമഗ്രികളുടെ സ്ഥാനം, തെരഞ്ഞെടുപ്പ്, ഉപയോഗം എന്നിവ നിർണ്ണയിക്കുന്നതിന്.
- പഠനാനുഭവങ്ങൾ ഒരുക്കുമ്പോൾ പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതെന്തിന്? എങ്ങനെ? എന്ന് തിരിച്ചറിയുന്നതിന്.

- ഓരോ ഘട്ടത്തിലും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കഴിവുകൾ കുട്ടിയിൽ വളർത്തിയെടുക്കുന്നതിന് ലഭ്യമായ സമയത്തെ എങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ച്.
- അധ്യാപക വിദ്യാർഥി ബന്ധത്തിൻെറ സ്വഭാവം നിർണ്ണയിക്കുന്നതിന്.
- വിദ്യാഭ്യാസ പ്രക്രിയയിലെ വിവിധ ഘടകങ്ങളുടെ പങ്ക് തിരിച്ചറിയുന്നതിന്.

## രക്ഷിതാക്കളേയും സമൂഹത്തേയും സംബന്ധിച്ച്

- കരിക്കുലം മുന്നോട്ടുവെക്കുന്ന പഠനരീതിക്കനുഗുണമായി തനിക്കെന്തുചെയ്യാനാകുമെന്ന് തിരിച്ചറിയുന്നതിന്.
- രക്ഷിതാവിന് വിദ്യാലയ പ്രവർത്തനങ്ങളിലുള്ള സ്ഥാനം നിർണ്ണയിക്കുന്നതിന്.
- സമൂഹത്തിൻെറ ഗുണപരമായ മുന്നോട്ടുപോക്കിന് വിദ്യാഭ്യാസപ്രക്രിയയിൽ സമൂഹത്തിൻെറ ഇടപെടൽ എങ്ങനെ എന്നതിനെക്കുറിച്ച്.
- വിദ്യാഭ്യാസ ലക്ഷ്യത്തിനനുസരിച്ച് കാലാകാലം കരിക്കുലത്തിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന്.

## പഠനസാമഗ്രികൾ, പാഠപുസ്തകം എന്നിവ സംബന്ധിച്ച്

- പഠനാനുഭവങ്ങൾ ഒരുക്കാൻ ആവശ്യമായ പഠനസാമഗ്രികൾ Text Book, Hand Book, Reading Materials....) എന്തൊക്കെയായിരിക്കണം എന്നു തിട്ടപ്പെടുത്തുന്നതിന്.
- പഠനപ്രക്രിയയിൽ ഇവയുടെ സ്ഥാനം, ഉപയോഗം എന്നിവയെക്കുറിച്ച്.
- പഠനസാമഗ്രികളുടെ ഉള്ളടക്കം, സ്വഭാവം (ഭാഷാരീതി, അവതരണ രീതി, ചിത്രീകരണം എന്നിവ) തീരുമാനിക്കാൻ.
- പഠനാനുഭവങ്ങളിൽ പ്രാദേശിക സാധ്യതകളും പ്രത്യേകതകളും ഫലപ്രദമായി ഉപയോഗിക്കാനുള്ള അവസരവും രീതിയും നൽകുന്നതിന്.
- കുട്ടിയുടെയും അധ്യാപകൻേറയും സർഗ്ഗാത്മകത പ്രയോഗിക്കാനുള്ള സാധ്യത പഠനസാമഗ്രിയിലൂടെ എങ്ങനെ ഒരുക്കാം എന്നതുസംബന്ധിച്ച്.
- വിവിധ വിഷയങ്ങളുടെ സമീപന രീതി, വിഷയങ്ങളുടെ പ്രത്യേകത

കൾ എന്നിവ പരിഗണിച്ച് പഠനസാമഗ്രികൾ പ്രയോഗിക്കേണ്ടതെങ്ങനെ എന്നതു സംബന്ധിച്ച്.

- പഠനസാമഗ്രിയുടെ യഥാർത്ഥ ഉപയോക്താവ്, അവരുടെ താൽപര്യം, കാഴ്ചപ്പാട്, വികസനഘട്ടം/സാമൂഹ്യ ലക്ഷ്യം എന്നിവ തിരിച്ചറിഞ്ഞ് യോജിച്ച പഠനസാമഗ്രികൾ വികസിപ്പിക്കാൻ.
- ഒരേവിഷയവുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ വിവിധ ക്ലാസുകളിലേക്കായി തയ്യാറാക്കുമ്പോൾ പാലിക്കേണ്ടുന്ന ക്രമീകരണം എന്നതു സംബന്ധിച്ച്.

## പരിശീലനത്തേയും പിന്തുണാ സംവിധാനത്തേയും സംബന്ധിച്ച്

- കരിക്കുലം പ്രാവർത്തികമാക്കാൻ ഏറ്റവും ആവശ്യമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിന്.
- ഇതിനുവേണ്ടി നിലവിലുള്ള സംവിധാനത്തിൽ എന്തുമാറ്റം വരുത്തണമെന്ന് തീരുമാനിക്കുന്നതിന്.
- സ്കൂളിൻെറ ഭൗതിക ഘടന, അന്തരീക്ഷം, ക്ലാസ് റൂം ക്രമീകരണം, അധ്യാപക വിദ്യാർത്ഥി അനുപാതം, സ്റ്റാഫ് പാറ്റേൺ, സ്കൂൾ സമയക്രമം, പിരീയഡ് വിഭജനം എന്നിവ പുനർനിർണയിക്കുന്നതിന്.
- ഫലപ്രദമായ മോണിറ്ററിംഗ് നടത്തുന്നതിന്.
- രക്ഷാകർത്താക്കളുടെ ഇടപെടൽ/സമൂഹത്തിൻെറ പങ്കാളിത്തം എന്നിവ കാര്യക്ഷമവും, തുടർച്ചയുള്ളതും ആക്കുന്നതിന്.
- പഠനസാമഗ്രികളുടെ നിർമ്മാണം, വില, വിതരണം എന്നിവ തിട്ടപ്പെടുത്തി നടപ്പാക്കുന്നതിന്.
- തുടർച്ചയായ ഒരു പിന്തുണാ സമ്പ്രദായം വികസിപ്പിക്കാനും ഇതിലൂടെ പാഠ്യപദ്ധതി, പഠനസാമഗ്രികൾ, പരിശീലനം എന്നിവയിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ കണ്ടെത്തുന്നതിന്.
- വിദ്യാഭ്യാസ പ്രക്രിയയിൽ ത്രിതല പഞ്ചായത്തുകളുടെ പങ്ക് സംബന്ധിച്ച്.
- വിദ്യാഭ്യാസത്തിന് സർക്കാർ നൽകുന്ന വിവിധ സാമ്പത്തിക സഹായങ്ങൾ (ഗ്രാൻറുകൾ, സ്കോളർഷിപ്പുകൾ, QIP ഫണ്ട്..... പുനഃപരിശോധിക്കാനും മാറിയ സാചര്യത്തിനനുസരിച്ച് സാമ്പത്തിക ഉപയോഗം തിട്ടപ്പെടുത്താനും.
- സമഗ്രമായ വിദ്യാഭ്യാസ നയവും നിയമവും പ്രാവർത്തികമാക്കാൻ.

# ജനകീയ ബദൽസ്വഭാവമുള്ള കരിക്കുലം എങ്ങനെ രൂപപ്പെടുത്താം?

അക്കാദമിക് പണ്ഡിതൻമാർ മാത്രമായിരുന്ന് പൂർണ്ണത കൊടുക്കാൻ കഴിയാത്ത ഒന്നാണ് ജനകീയ ബദൽ കരിക്കുലം. ഇത് രൂപപ്പെടുത്തി നടപ്പാക്കുന്ന പ്രക്രിയയിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രീപ്രൈമറി തലം മുതൽ പ്ലസ് ടു അടക്കമുള്ള സ്കൂൾ വിദ്യാഭ്യാസ കാലത്തെ മൊത്തത്തിൽ പരിഗണിക്കുന്ന ഒരു കരട് കരിക്കുലം എല്ലാ വിഭാഗങ്ങളിലുമുള്ള വിദഗ്ധൻമാരുടെ കൂട്ടായ ശ്രമത്തിലൂടെ രൂപപ്പെടുത്തണം. ഈ വിദഗ്ധൻമാരുടെ കൂട്ടത്തിൽ

- അധ്യാപകർ/അധ്യാപക സംഘടനാ പ്രതിനിധികൾ
- രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ വിദഗ്ധർ.
- വർഗ ബഹുജന സംഘടനാ പ്രതിനിധികൾ.
- പ്ലാനിംഗ് വിദഗ്ധൻമാർ
- വിദ്യാഭ്യാസ വിദഗ്ധൻമാർ

ശിശു മനഃശാസ്ത്ര വിദഗ്ധൻമാർ

- കാർഷിക/വ്യാവസായിക രംഗത്തെ വിദഗ്ധൻമാർ.
- നാട്ടറിവുകൾ നേടിയ ഗ്രാമപ്രമുഖർ.

തുടങ്ങി എല്ലാ രംഗത്തുള്ളവരുടേയും വീക്ഷണങ്ങൾ സമന്വയിപ്പിക്കണം. ഇങ്ങനെ രൂപപ്പെടുന്ന കരട് രേഖ എല്ലാ പഞ്ചായത്ത് - ഗ്രാമപഞ്ചായത്ത് തലത്തിലും തെരഞ്ഞെടുക്കപ്പെട്ട വിവിധ വിഭാഗം ജനങ്ങൾക്കിടയിലും വ്യാപകമായ ചർച്ചയ്ക്ക് വിധേയമാക്കണം. ഇതിന് പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും. ജനകീയാസൂത്രണത്തിൻെറ വിദ്യാഭ്യാസ ടാസ്ക് ഫോഴ്സും ചേർന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ നേതൃത്വം നൽകണം. ഈ ചർച്ചയിലൂടെ അതിവിപുലമായ ജനകീയ ബോധവൽക്കരണം സാധിച്ചെടുക്കാം. ഒരു ഗ്രാമപഞ്ചായത്തിൽ നൂറിൽ കുറയാത്ത വിധം ആളുകൾ പങ്കെടുക്കുന്ന തരത്തിലാവണം ഈ ചർച്ചകൾ. ഇങ്ങനെ വിപുലമായി സംവാദത്തിനു വെച്ച ഈ രേഖ താഴെ തട്ടിൽ നിന്നു വരുന്ന എല്ലാ നല്ല നിർദ്ദേശങ്ങളും ചേർത്ത് വിദഗ്ധൻമാരുടെ കൂട്ടായ ശ്രമത്തിലൂടെ രൂപപ്പെടുത്തണം. ഈ വിദഗ്ധൻമാരുടെ കൂട്ടത്തിൽ

- അധ്യാപകർ/അധ്യാപക സംഘടനാ പ്രതിനിധികൾ.
- രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ വിദഗ്ധർ.
- വർഗബഹുജനസംഘടനാ പ്രതിനിധികൾ.
- പ്ലാനിംഗ് വിദഗ്ധൻമാർ.

- ശിശു മനഃശാസ്ത്ര വിദഗ്ധൻമാർ.
- നാട്ടറിവുകൾ നേടിയ ഗ്രാമപ്രമുഖർ.

തുടങ്ങി എല്ലാ രംഗത്തുള്ളവരുടേയും വീക്ഷണങ്ങൾ സമന്വയിപ്പിക്കണം. ഇങ്ങനെ രൂപപ്പെടുന്ന കരടു രേഖ എല്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് തലത്തിലും തെരഞ്ഞെടുക്കപ്പെട്ട വിവിധ വിഭാഗം ജനങ്ങൾക്കിടയിലും വ്യാപകമായ ചർച്ചയ്ക്ക് വിധേയമാക്കണം. ഇതിന് പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും ജനകീയാസൂത്രണത്തിൻെറ വിദ്യാഭ്യാസ ടാസ്ക് ഫോഴ്സും ചേർന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ നേതൃത്വം നൽകണം. ഈ ചർച്ചയിലൂടെ അതിവിപുലമായ ജനകീയ ബോധവൽക്കരണം സാധിച്ചെടുക്കാം. ഒരു ഗ്രാമപഞ്ചായത്തിൽ നൂറിൽ കുറയാത്തവിധം ആളുകൾ പങ്കെടുക്കുന്ന തരത്തിലാവണം ഈ ചർച്ചകൾ.. ഇങ്ങനെ അതിവിപുലമായി സംവാദത്തിനു വെച്ച ഈ രേഖ താഴെ തട്ടിൽനിന്നു വരുന്ന എല്ലാ നല്ല നിർദ്ദേശങ്ങളും ചേർത്ത് വിദഗ്ധൻമാരുടെ നേതൃത്വത്തിൽ വിപുലപ്പെടുത്തണം. ഇത്തരത്തിലുള്ള ഒരു കരിക്കുലമാണ് യഥാർത്ഥത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള അടിത്തറയായി നിൽക്കേണ്ടത്. ഇങ്ങനെ ജനങ്ങളിൽനിന്ന് ജനങ്ങളിലേക്ക് എന്ന ജനകീയ വിദ്യാഭ്യാസത്തിൻെറ രീതി തന്നെയണ് ഇവിടെ പ്രയോഗിക്കേണ്ടത്.

ഒരു പ്രധാനകാര്യം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. സ്കൂൾ വിദ്യാഭ്യാസ കാലത്തെ മൊത്തം പരിഗണിച്ചുകൊണ്ടാണല്ലോ നാം കരിക്കുലം ഉണ്ടാക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ഏകദേശം പതിനഞ്ചോ പതിനാറോ കൊല്ലത്തിനുശേഷം കേരളീയ സമൂഹത്തിൻെറ ആവശ്യങ്ങളും താൽപര്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് നമുക്ക് മുൻകൂട്ടി തീരുമാനിക്കേണ്ടിവരുമല്ലോ. ഇവയെ തൃപ്തിപ്പെടുത്താൻ എന്തെല്ലാം കഴിവുകളും മൂല്യങ്ങളും കുട്ടിയിൽ വളർത്തണമോ അതിനുള്ള അനുഭവങ്ങളായിരിക്കണം കരിക്കുലത്തിൽ ഉൾപ്പെടുത്തേണ്ടത്. വിജ്ഞാന വിസ്ഫോടനം കൊണ്ട് അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ലോകസാഹചര്യത്തിൽ ദീർഘകാലത്തേക്കുള്ള ഇത്തരം ഒരാസൂത്രണം പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത് അശാസ്ത്രീയമാവില്ലേ? എന്ന ചോദ്യവും സംഗതമാണ്. അതായത് നാം പതിനഞ്ചുകൊല്ലത്തിനുശേഷം ഉണ്ടാകുമെന്ന് കാണുന്ന പല ആവശ്യങ്ങളും അതിനെത്രയോ മുമ്പുതന്നെ ഉണ്ടാവണമെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. അങ്ങനെ വരുമ്പോൾ നമ്മുടെ കരിക്കുലത്തെ കാലാനുസാരിയായി പുനർനവീകരിച്ചുകൊണ്ടേയിരിക്കാനുള്ള സംവിധാനവും ഇതിനുള്ളിൽതന്നെ ഉണ്ടാവണം. ഇതിനുള്ള ഒരു പിന്തുണ സംവിധാനം ഉണ്ടാവണമെന്നർത്ഥം. കാലാനുസാരിയായ ഈ പ്രവർത്തനം ഉറപ്പുവരുത്തു

ന്നില്ലെങ്കിൽ നമ്മുടെ കരിക്കുലം അപ്രസക്തമായിത്തീരും. ചുരുക്കത്തിൽ കരിക്കുലം നിർമ്മാണവുമായി ബന്ധപ്പെട്ട ചില മുൻകൈ പ്രവർത്തനങ്ങളും നിലപാടുകളും സ്വീകരിക്കാൻ കാലം നമ്മെ നിർബന്ധിക്കുന്നു.

ഒരു സമ്പൂർണ്ണ കരിക്കുലത്തെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. അത് രൂപപ്പെടുന്നതിനിടയിൽ അടിയന്തരമായി പരിഗണിക്കേണ്ടുന്ന കുറേ കാര്യങ്ങളുണ്ട്.

## പുതിയ സാഹചര്യങ്ങളും കരിക്കുലവും

കാലാനുസൃതമായി ഒരു തലമുറയെ വാർത്തെടുക്കാൻ പാകത്തിലുള്ള കരിക്കുലം ഇന്ന് കേരളത്തിലില്ല. NCERT രൂപപ്പെടുത്തിയ ചില കരിക്കുലം നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് ഏതാനും മാസങ്ങൾക്കുമുമ്പുവരെ കേരളത്തിലെ വിദ്യാഭ്യാസ പദ്ധതി നീങ്ങിയിരുന്നത്. കുട്ടി, ചുറ്റുപാടുകൾ, സമൂഹം മാറുന്ന സാമൂഹ്യ അവസ്ഥകൾ എന്നിവ ഗൗരവമായി പരിഗണിക്കപ്പെടാതെയുള്ള കരിക്കുലമാണ് ഉണ്ടായിരുന്നത്. ഈ സ്ഥാനത്താണ് പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി പുതിയ കരിക്കുലം രൂപപ്പെടുത്തിയത്.

കരിക്കുലം പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, അധ്യാപന സഹായികൾ ഇവയെല്ലാം ഉണ്ടാക്കേണ്ടത് SCERT ആണ്. ഗവർമെണ്ട് തീരുമാനം അനുസരിച്ച് 1996 പുതിയ കരിക്കുലവും സിലബസ്സും പരിഷ്കരിക്കുന്ന ഘട്ടം വന്നപ്പോൾ ഈ കടമ ഏറ്റെടുക്കാൻ SCERT ക്ക് കഴിഞ്ഞില്ല. ഈ സന്ദിഗ്ധ ഘട്ടത്തിലാണ്, എല്ലാവർക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം കൊടുക്കാവേണ്ടി ഇന്ത്യാഗവർമെണ്ട് ലോകബാങ്കിൻെറ സഹായത്തോടെ നടപ്പാക്കിയ ഡിപിഇപി കരിക്കുലവും സിലബസും തയ്യാറാക്കാമെന്ന വാഗ്ദാനവുമായി വന്നത്. കുറേ വർഷങ്ങളായി നടത്തിയ വിദ്യാഭ്യാസ ചർച്ചകൾ, യശ്പാൽ കമ്മിറ്റി റിപ്പോർട്ട്, നിരവധി ഔപചാരിക - അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളുടെയും, ഒട്ടേറെ വിദഗ്ധരുടെയും അഭിപ്രായനിർദ്ദേശങ്ങൾ ഇവ പരിഗണിച്ചുകൊണ്ടാണ് ഡിപിഇപി പുതിയ ഒരു കരിക്കുലത്തിനും പാഠ്യപദ്ധതിക്കും പാഠപുസ്തകങ്ങൾക്കും രൂപം നൽകിയത്. ഇതുവരെ ഉണ്ടായിട്ടുള്ള കരിക്കുലത്തേക്കാൾ ശാസ്ത്രീയവും ജനാധിപത്യപരവുമാണ് പുതിയ കരിക്കുലം. ഡിപിഇപി രൂപകൽപന ചെയ്ത ഈ കരിക്കുലവും പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപന സഹായികളും SCERT അൽപം ഭേദഗതി വരുത്തി. ഗവർമെണ്ട് അംഗീകരിച്ച് കേരളത്തിലുടനീളം പ്രാബല്യത്തിലാക്കി.

## പ്രത്യേകതകൾ

പ്രൈമറി തലത്തിനുമാത്രമായി ഒരു കരിക്കുലം ഉണ്ടാക്കുന്നത് അശാസ്ത്രീയമാണ്. എങ്കിലും നിലവിലുണ്ടായിരുന്ന, പാഠപുസ്തകങ്ങളും സിലബസ്സും അവലോകനം ചെയ്ത് കുട്ടിയേക്കുറിച്ചും അധ്യാപകരെക്കുറിച്ചുള്ള പരികൽപനകൾ വികസിപ്പിച്ചാണ് പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഈ പഠനസമ്പ്രദായം ആവിഷ്കരിച്ചത്. അക്കാദമിക് പണ്ഡിതൻമാരുടെ കുത്തകയായിരുന്ന പാഠപുസ്തക നിർമ്മാണം പ്രൈമറി അധ്യാപകരുടെ കൂടി പങ്കാളിത്തത്തോടെയാണ് നിർവഹിക്കപ്പെട്ടത്. ഗണിതം, ഭാഷ, പരിസരപഠനം എന്നിവക്ക് ശാസ്ത്രീയമായ സമീപനങ്ങൾ രൂപപ്പെടുത്തി. പ്രായോഗികമാക്കാവുന്നതത്രയും ഉദ്ഗ്രഥിത സമീപനമാണ് കൈക്കൊണ്ടത്. അധ്യാപകർക്ക് പങ്കാളിത്ത രീതിയിലുള്ള പരിശീലനങ്ങളും നൽകപ്പെട്ടു. ഇതിൻെറയൊക്കെ ഫലമായി കുട്ടിയിലും അധ്യാപകനിലും ഗണ്യമായ മാറ്റങ്ങളാണ് പ്രകടമായത്. ഇന്ന് കുട്ടി കൂടുതൽ ആശയപ്രകടന ശേഷിയുള്ളവനാണ്. അവൻെറ സ്വയം പഠനശേഷി വികസിച്ചിരിക്കുന്നു. പണ്ടൊക്കെ പശുവിനെക്കുറിച്ച് 'പത്ത് വാചകം എഴുതുന്നതിൽമാത്രം ഒതുങ്ങിനിന്നിരുന്ന രചനാവൈഭവം കഥാരചനയിലേക്കും കവിതാരചനയിലേക്കും വരെ വികസിച്ചിരിക്കുന്നു. ശാസ്ത്രീയമായ ഒരു ചരിത്രബോധം വികസിക്കാനുള്ള അടിത്തറ രൂപപ്പെട്ടിട്ടുണ്ട്. അധ്യാപകരെ സംബന്ധിച്ചിടത്തോളം ഇന്ന് അക്കാദമിക് ചർച്ചയ്ക്കും കൂട്ടായ്മയ്ക്കും ധാരാളം അവസരങ്ങൾ ഉണ്ട്. പൊതുവിൽ പഠനത്തിൻെറ വിരസത ക്ലാസ് മുറികളിൽ കാണാനില്ല. ഈ പാഠ്യപദ്ധതിയുടെ പൊതുസമീപനം തികച്ചും സ്വകാര്യമാണ്.

## ഭാഷാസമീപനം

ബോധനം മാതൃഭാഷയിൽ മാത്രമേ പാടുള്ളൂ. ഇക്കാര്യം എല്ലാ വിദ്യാഭ്യാസ വിദഗ്ധരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഭാഷ വിനിമയത്തിനാണ് കേൾവി. ഭാഷണം, ആശയഗ്രഹണം, സ്വതന്ത്രമായി ഒരാശയത്തെക്കുറിച്ച് എഴുതൽ എന്നീ ശേഷികൾ വികസിക്കാനുള്ള നിരവധി പ്രവർത്തനങ്ങളാണ് ക്ലാസിൽ നടക്കേണ്ടത്. എന്നാൽ ലേഖനത്തിൻെറ കാര്യത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടി അറിവിൻെറ ലോകത്തേക്കാണ് പോകുന്നത്. സർഗാത്മക പ്രവർത്തനങ്ങളുടെ കാര്യത്തിലും ചില പ്രശ്നങ്ങളുണ്ട്. യഥയെഴുതലും കവിതയെഴുതലും തുറന്ന സംഭാഷണങ്ങളും മാത്രമായി പരിമിതപ്പെടുത്താവുന്നതല്ല സർഗശേഷി. പലപ്പോഴും ഒരു ക്ലാസിൽ ഒരേതരം സർഗശേഷി

യുടെ വികാസമാണ് കാണാൻ കഴിയുന്നത്. അധ്യാപകരുടെ ആത്മവിശ്വാസം വർധിപ്പിക്കണം. കൂടുതൽ ശാസ്ത്രീയമായി പരിശീലനങ്ങൾ പുന:സംവിധാനം ചെയ്യണം. പ്രൈമറി തലത്തിൽ നടപ്പിലാക്കിയ ഗണിതപഠനം പൊതുവേ നന്നായിട്ടുണ്ട്. ഇതുവരെയുണ്ടായിരുന്ന രീതികളിൽനിന്നും വിഭിന്നമായ പഠനരീതി അവലംബിച്ചിട്ടുണ്ട്.

## ഉദ്ഗ്രഥിത പഠനരീതി

കുട്ടി ലോകത്തെ സമഗ്രമായാണ് കാണുന്നത്. ഈ സമഗ്രാനുഭവത്തിൽനിന്നും അവനെ വേർപെടുത്തി കണക്കിൻെറയും ഭാഷയുടേയും അടച്ച അറകളിലിരുത്തി പഠിപ്പിക്കുന്നത് അശാസ്ത്രീയമാണ്. ഈ കാഴ്ചപ്പാടോടെയാണ് താഴ്ന്ന ക്ലാസുകളിൽ ഉദ്ഗ്രഥിത പഠനരീതി അവലംബിച്ചത്. പക്ഷേ, ഇതത്ര എളുപ്പമല്ല. സിലബസും കുട്ടിയുടെ ലോകവും തമ്മിൽ പൊരുത്തപ്പെടുത്തുകയാണ് അധ്യാപകൻ ചെയ്യേണ്ടത്. ഇവിടെ പ്രായോഗികതയുടെ പ്രശ്നം വരുന്നു. കൃത്രിമമായി സാഹചര്യങ്ങൾ സൃഷ്ടിച്ച് കുട്ടിയെ ഉദ്ഗ്രഥിത പഠനത്തിലേക്ക് നയിക്കുമ്പോൾ അധ്യാപകൻ പലപ്പോഴും പരാജയപ്പെടുന്നു. അതിനാൽ സാധ്യമായ അളവിൽ ഈ രീതി അവലംബിക്കാൻ അധ്യാപകരെ പരിശീലിപ്പിക്കണം.

വിവരങ്ങൾ കുത്തിനിറയ്ക്കുകയല്ല. മറിച്ച് വിജ്ഞാനസമ്പാദനത്തിനുള്ള കഴിവ് നേടുകയാണ് കുട്ടി ചെയ്യേണ്ടത്. പുതിയ പാഠ്യപദ്ധതിയിലെ പരിസരപഠനസമീപനം ഈ നിലയ്ക്ക് സ്വാഗതാർഹമാണ്. ചരിത്രപഠന രീതിയിലും കാതലായ മാറ്റങ്ങൾ വന്നിട്ടുണ്ട്. സംഭവങ്ങളുടെ ക്രമമായ ആഖ്യാനമല്ല. ചരിത്രമെന്നും ജീവിതോപാധികളുടെ വികാസമാണ് സമൂഹവികാസത്തിൻെറ ചാലകശക്തിയെന്നുമുള്ള തിരിച്ചറിവ് ഈ പാഠപുസ്തകങ്ങളിൽ പ്രകടമാണ്.
വർത്തമാനകാലത്തിൽനിന്നും ഭൂതകാലത്തിലേക്ക് എന്ന ചരിത്രബോധന സമീപനവും എടുത്തുപറയേണ്ടതുണ്ട്.

## പാഠപുസ്തകങ്ങളും അധ്യാപനസഹായികളും

മുൻകൂട്ടി തീരുമാനിച്ച കരിക്കുലവും അതിനനുയോജ്യമായ പാഠ്യപദ്ധതിയും വിന്യസിക്കുന്നതിനുള്ള ഉപാധികളിൽ ഒന്നുമാത്രമാണ് പാഠപുസ്തകങ്ങൾ. എന്നാൽ അമിത പ്രാധാന്യമുള്ള അനുപേക്ഷണീയ

മായ ഒന്നായിട്ടാണ് പാഠപുസ്തകങ്ങളെ വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സമൂഹവും കാണുന്നത്. അതുകൊണ്ടാണ് പാഠപുസ്തകങ്ങളെക്കാൾ വലിപ്പമുള്ള വിലകൂടിയ ഗൈഡുകളും പരീക്ഷാസഹായികളും കമ്പോളത്തിൽ സുലഭമാകുന്നത്. കോടിക്കണക്കിനു രൂപയുടെ ഗൈഡുകളാണ് പ്രതിവർഷം വിറ്റഴിക്കപ്പെടുന്നത്. പാഠപുസ്തകങ്ങളെക്കുറിച്ചുള്ള വികല ധാരണകളെ തിരുത്തിക്കുറിക്കുന്ന രീതിലാണ് പ്രൈമറിതലത്തിലെ പുതിയ പാഠപുസ്തകങ്ങൾ രൂപപ്പെടുത്തിയത്.

അന്വേഷണത്തിനുള്ള അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള പുതിയ പാഠപുസ്തകങ്ങളെ മുക്തകണ്ഠം പ്രശംസിച്ച മാധ്യമങ്ങൾ പിന്നീട് ചുവട് മാറ്റി. മറ്റു ചിലരാകട്ടെ പാഠപുസ്തകങ്ങളിലെ അക്ഷരത്തെറ്റും് വരികൾ തിരുത്തിയതും മറ്റും ചൂണ്ടിക്കാട്ടി പാഠപുസ്തകങ്ങളെ അടച്ചാക്ഷേപിച്ചു. ഇപ്പോൾ സ്ഥിതിഗതികൾ കുറെയൊക്കെ മാറി. ഡിപിഇപി മുൻകയ്യെടുത്താണ് പ്രൈമറിതലത്തിലെ് പാഠപുസ്തകങ്ങൾ രൂപപ്പെടുത്തിയത്. എസ്സിഇആർടി ഈ പുസ്തകങ്ങളുടെ മൗലികതയെ അംഗീകരിക്കുകയും ചെയ്തു. അഞ്ചാംതരത്തിലെ പാഠപുസ്തകങ്ങദൾ രൂപപ്പെടുത്തിയത് എസ്സിഇആർടി തന്നെയാണ്. ഇനിയങ്ങോട്ട് മാറ്റം വരുത്തുന്നതും എസ്സിഇആർടിയാണ്.

എന്നാൽ എസ്സിഇആർടി രൂപപ്പെടുത്തിയ അഞ്ചാംതരത്തിലെ പാഠപുസ്തകങ്ങൾ നാലിൻെറ തുടർച്ചയായില്ല എന്ന ആക്ഷേപം പരക്കെയുണ്ട്.

എസ്സിഇആർടി രൂപപ്പെടുത്തിയ അഞ്ചാംതരത്തിലെ പാഠപുസ്തകങ്ങളിലെ ഭാഷാസമീപനം പ്രൈമറിയുടെ തുടർച്ചയാണ് ഗണിതത്തിലും ഈ രീതിതന്നെയാണ് എന്നാൽ പരിസരപഠനത്തിൽ അന്വേഷണത്തിനുള്ള സാധ്യതകൾ കുറവാണ്. പ്രായോഗികാനുഭവങ്ങളിലൂടെ മാറ്റങ്ങൾ വരുത്താൻ ശ്രദ്ധിക്കണം. പുതിയ പാഠപുസ്തകങ്ങളെ കുട്ടികൾ ആഹ്ലാദത്തോടെ സ്വീകരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. എനാൽ ശീലിച്ച രീതിയിൽ നിന്നുള്ള മാറ്റത്തെ അധ്യാപകർ ഉൾക്കൊള്ളുന്നില്ല. ഈ അവസ്ഥ മാറണം.

പുതിയ മാറ്റങ്ങളെ അടിസ്ഥാനമാക്കി ഉണ്ടാക്കിയിട്ടുള്ള അഞ്ചാംതരത്തിലെ അധ്യാപനസഹായികൾ തൃപ്തികരമല്ല. പുതിയ സമീപനത്തെ ഉൾക്കൊള്ളാതെയുള്ള അധ്യാപനസഹായിയും ഉണ്ടായിട്ടുണ്ട്. ശേഷികൾ നേടാൻ പര്യാപ്തങ്ങളായ പ്രവർത്തനങ്ങളാണ് അധ്യാപനസ

ഹായികളിൽ ഉണ്ടാകേണ്ടത്. ഈ മൗലികതത്വം പൂർണമായി അധ്യാപനസഹായി രൂപപ്പെടുത്തുന്നതിൽ പാലിച്ചിട്ടില്ല. അധ്യാപനസഹായികളിൽ നൽകിയിട്ടുള്ള മൂല്യനിർണയരീതി പ്രവർത്തനാധിഷ്ഠിതമല്ല മറിച്ച്, ചോദ്യാവലി സമ്പ്രദായമാണ്. ഇത് അശാസ്ത്രീയമാണ്. പ്രായോഗികാനുഭവങ്ങളുടെ വെളിച്ചത്തിൽ അധ്യാപനസഹായികൾ പരിശോധിച്ച് പരിഷ്കരിക്കണം.

## പുതിയ മൂല്യനിർണയം

കുട്ടി നേടിയിരിക്കണമെന്നു നാം കരുതുന്ന ഓരോ ശേഷിയും ഗ്രേഡ് ചെയ്യത്തക്കവിധം പ്രവർത്തനാധിഷ്ഠിതമായി നടത്തുന്ന മൂല്യനിർണയംതന്നെയാണ് ശാസ്ത്രീയം. മൂല്യനിർണയപ്രക്രിയ കുട്ടിയെ തോൽപിക്കാനല്ല മറിച്ച് പരിഹാരബോധനത്തെ ഉന്നംവെച്ചുകൊണ്ടായിരിക്കണം. സൂക്ഷ്മവിശകലനത്തിൽ അധ്യാപകനാണ് യഥാർഥത്തിൽ മൂല്യനിർണയം ചെയ്യപ്പെടുന്നത് എന്ന ധാണ പ്രബലപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തനാധിഷ്ഠിതമായ മൂല്യനിർണയം വഴി കുട്ടിയുടെ ശേഷികൾ ഗ്രേഡ് ചെയ്യാവുന്നതാണ്. മൽസരാധിഷ്ഠിതമായ ഇന്നത്തെ സമൂഹത്തിൽ പക്ഷേ, കുട്ടികളെ മാർക്കിൻെറ അടിസ്ഥാനത്തിൽ കൃത്യമായി താരതമ്യം ചെയ്യേണ്ടതുണ്ട് എന്ന വാദം ശരിയല്ല.

പുതിയ പാഠ്യപദ്ധതിയിലെ മൂല്യനിർണയരീതി ശാസ്ത്രീയമാണ്. അഞ്ചാംക്ലാസിലേക്ക് കൂടി ഇത് വ്യാപിപ്പിക്കണം. അതിനുശേഷം മൂല്യനിർണയരീതി കുറേക്കൂടി വിപുലീകരിക്കേണ്ടതുണ്ട്. അന്വേഷണാത്മക പ്രോജക്ടുകളും സാമൂഹ്യപ്രവർത്തനങ്ങളും മൂല്യനിർണയത്തിനുള്ള ഉപാധികളാക്കാവുന്നതാണ്. പരിഹാരബോധത്തിനുള്ള ഒരു ഉപാധി എന്ന നിലയിൽ കോളിറ്റേറ്റീവ് ഗ്രേഡിങ്ങിലൂടെ കഴിവുകളുടെ മൂല്യനിർണയരീതി വിപുലീകരിച്ച് എല്ലാ കഴിവുകളും വിലയിരുത്തി ഗ്രേഡിങ്രീതി നടപ്പിലാക്കുന്നതാണ് ഉചിതവും ഉത്തമവും. അങ്ങനെ വരുമ്പോൾ ഇന്നത്തെ പരീക്ഷാസമ്പ്രദായം പൂർണമായും മാറ്റണം.

മൂല്യനിർണയരീതിയിൽ വരുത്തിയ മാറ്റത്തെ ഗൗരവപൂർവം അധ്യാപകർ നോക്കിക്കാണുന്നില്ല. എന്തിനാണ് മൂല്യനിർണയം പുതിയ രീതിയിലാക്കിയാൽ ഇന്ന് നടത്തുന്ന എൽഎസ്എസ് യുഎസ്എസ് പരീക്ഷകളുടെ രീതിയും മാറ്റണം. പ്രൈമറി തലത്തിൽ ചെയ്തതുപോലെ കരിക്കുലം പാഠ്യപദ്ധതി, പാഠപുസ്തകം, അധ്യാപനസഹായി, പരീഷ എന്ന ക്രമാനുഗതമായിട്ടാണ് മാറ്റങ്ങൾ ഉണ്ടാകേണ്ടത്.

നിരവധി, പരിശീലനപരിപാടികളുടെ പിൻബലമുണ്ടായിട്ടുപോലും അധ്യാപകർ പലരും ഈ പുതിയ സമീപനവുമായി പൊരുത്തപ്പെട്ടു കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

## പുതിയ പാഠ്യപദ്ധതി എല്ലായിടത്തും നടപ്പിലാക്കണം

ഈ സംസ്ഥാനത്ത് വേരുറപ്പിച്ചുതുടങ്ങിയിട്ടുള്ള വരേണ്യവർഗവിദ്യാഭ്യാസ ധാരയിലേക്ക് സാധാരണക്കാരും പാവപ്പെട്ടവരും കൂടുതലായി ആകർഷിക്കപ്പെടുന്നുണ്ട്. ഇന്നിപ്പോൾ പലതരം വിദ്യാഭ്യാസ്ഥാപനങ്ങളും പല പാഠ്യപദ്ധതികളും ഇവിടെയുണ്ട്. സാമൂഹ്യ വിദ്യാഭ്യാസ കാഴ്ചപ്പാടിന് വിരുദ്ധമാണിത്. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിൻെറ പുറംമോടിയിൽ ആകൃഷ്ടരായി തങ്ങളുടെ മക്കളെ അങ്ങോട്ടയയ്ക്കാൻ പാവപ്പെട്ടവർപോലും താൽപര്യം കാണിക്കുന്നു. ഇംഗ്ലീഷ്ഭാഷയിലെ പ്രാവീണ്യം (?) മൽസരപരീക്ഷകളും നൂറുമേനി വിജയവുമെല്ലാമാണ് ഇവിടെ ആകർഷിക്കുന്ന ഘടകങ്ങൾ. അതല്ലാതെ, വിദ്യാഭ്യാസം കൊണ്ട് തൻെറ കുട്ടിക്ക് ശാശ്വതമായി എന്തുനേടാൻ കഴിയുന്നു എന്ന് ആരും ചിന്തിക്കുന്നില്ല. പലതരം സ്കൂളുകളും പല ബോധനരീതികളും പല കരിക്കുലവും എന്ന രീതി മാറണം. സംസ്ഥാനത്ത് ഔപചാരികവിദ്യാഭ്യാസത്തിന് ഒരൊറ്റ കരിക്കുലവും പൊതുബോധനരീതിയും നിലവിൽ വരണം. വിദ്യാഭ്യാസത്തിൻെറ എല്ലാതലത്തിലും പഠനം മാതൃഭാഷയിലാവണം.

## എതിർപ്രചരണം

പുതിയ പാഠ്യപദ്ധതി പൂർണമാണെന്നഭിപ്രായമില്ല. അതിൻെറ ഏറ്റവും വലിയ തെളിവാണ് അധ്യാപകരിലും സമൂഹത്തിലും നിലനിൽക്കുന്ന എതിർപ്പ്. ഉപരിവർഗത്തിൻെറ താൽപര്യങ്ങൾക്കു സ്വാധീനമുള്ള സമൂഹത്തിൽ തെറ്റായ ലക്ഷ്യബോധവും ഒട്ടുവളരെ വികലധാരണകളുമാണ് വിദ്യാഭ്യാസത്തെക്കുറിച്ച് നിലനിൽക്കുന്നത് അതുകൊണ്ടുതന്നെ സമൂലമാറ്റമുൾക്കൊള്ളുന്ന ഇത്തരം ഒരു പരിഷ്കാരം നടപ്പാക്കുന്നതിനു മുമ്പ് സമൂഹത്തെ അതിനു സജ്ജമാക്കാനുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഗൗരവമായ വീഴ്ചയാണ് ഉണ്ടായത്. കരിക്കുലവും പാഠ്യപദ്ധതിയും പാഠപുസ്തക

ങ്ങളും രൂപകൽപന ചെയ്ത ഡിപിഇപിയുടെ വിഗദ്ധൻമാരോ ഇതിനെ പൂർണമായി അംഗീകരിച്ചു. നടപ്പാക്കിത്തുടങ്ങിയ SCERT യോ ഇതുവരെ ഇതിൻെറ മേന്മകളെക്കുറിച്ച് പ്രചരണം നടത്തിയിട്ടില്ല. എതിർപ്രചാരണവേലയ്ക്കു മറുപടി പറഞ്ഞിട്ടില്ല. വിദ്യാഭ്യാസവകുപ്പും മൗനം പൂണ്ടിരിക്കുകയാണ്.

പ്രൈമറി പാഠപുസ്തകങ്ങളുടെ ഉള്ളടക്കം ശുഷ്കമാണെന്നും ഫാൻറസി കൂടുതലാണെന്നും പ്രചരണമുണ്ട്. എന്നാൽ പാഠപുസ്തകം കുട്ടിയുടെ സ്വത്താവണമെന്നും സുഹൃത്താവണമെന്നുമുള്ള കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ പുസ്തകങ്ങഹ.

അധ്യാപനസഹായികൾ അധ്യാപകരുടെ സർഗാത്മകകയെ വളർത്തുംവിധം കുറെക്കൂടി പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. എൽപി വിഭാഗം വിദ്യാർഥികൾക്കനുയോജ്യമായ ധാരാളം വായനാസാമഗ്രികൾ ഓരോ വിദ്യാലയത്തിലും ഉണ്ടാകുകയും ഇത് പുതിയ സമീപനത്തിനിണങ്ങും വാധം ഉപയോഗിക്കപ്പെടുകയും വേണം. ഇന്ന് സംസ്ഥാനത്ത് ബാലസാഹിത്യകൃതികൾ വേണ്ടത്ര ഉണ്ടാകുന്നില്ല എന്ന പരിമിതിയുണ്ട്. നിലവിലുള്ള ബാലപ്രസിദ്ധീകരണങ്ങൾ പലതും വികലമാണെന്നതും പരിഹാരം കാണേണ്ട വസ്തുതകളാണ്. പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ ശിൽപശാലകളും മറ്റും സംഘടിപ്പിച്ച് പഠനസാമഗ്രികൾ സ്വയം തയ്യാറാക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന വികസനപ്രവർത്തനങ്ങളിൽ ഈ സാധ്യതകൾ വച്ചുകൊണ്ടുള്ള പ്രൊജക്ടുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പുതിയ പാഠ്യപദ്ധതി പ്രയോഗത്തിൽവന്നതോടെ വിദ്യാഭ്യാസരംഗത്ത് പുതിയ ഉണർവ് വന്നു. സാധാരണക്കാരൻെറ മക്കൾ പഠിക്കുന്ന പള്ളിക്കൂടങ്ങൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടുതുടങ്ങി. ശിശുകേന്ദ്രീകൃതമായ പ്രവർത്തനാധിഷ്ഠിതമായ അധ്യാപകനിൽ കൂടുതൽ സർഗാത്മകത വളർത്തുന്നതാണ് കർമോന്മുഖത ഉണർത്തുന്നതുമാണ് പുതിയ പാഠ്യപദ്ധതി.

ഇതുവരെ നടത്തിപ്പോന്ന കാണാപാഠം പഠിക്കലിൽനിന്ന് മാറി കുട്ടികളുടെ എല്ലാ കഴിവുകളും സമഗ്രമായ പരിശോധനയ്ക്ക് നിധേയമാക്കുന്ന മൂല്യനിർണയം വന്നപ്പോൾ ഗൈഡ് എഴുത്തുകാരും പരീക്ഷാസഹായിവിൽപനക്കാരും വേവലാതിപൂണ്ട് പുതിയ പാഠ്യപദ്ധതിയെ എതിർക്കുനുന. രക്ഷിതാക്കളും അയൽപക്ക സമ്പ്രദായങ്ങളും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളും കൂടിച്ചേർന്ന് വിദ്യാഭ്യാസത്തിൻെറ സാമൂഹ്യനിയന്ത്രണങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ തുടങ്ങിയതോടെ വിദ്യാഭ്യാസരംഗമാകെ തകർന്നു എന്ന് മുറവിളി കൂട്ടി ചിലർ രംഗത്തെത്തിയിരിക്കുന്നു.

പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിൽ കേരള സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനും അതിൻെറ അനുബന്ധ സ്ഥാപനങ്ങൾക്കും ഗുരുതരമായ ചില വീഴ്ചകൾ പറ്റിയെന്നത് വിസ്മരിച്ചുകൂടാ. പാഠപുസ്തകവിതരണതിലെ അപാകതകൾ, DPEP SCERT തർക്കങ്ങൾ. പുതിയ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ആരോപണങ്ങൾക്ക് മറുപടി പറയാനുള്ള ആർജ്ജവമില്ലായ്മ തുടങ്ങിയവ എടുത്ത് പറയേണ്ടതുതന്നെയാണ്.

## ദേശീയനയം

പ്രൈമറിതലംവരെ രൂപപ്പെടുത്തിയ കരിക്കുലത്തിൻെറ തുടർച്ച എന്ന നിലയിൽ ഹയർസെക്കൻണ്ടറിതലംവരെ കണ്ടുകൊണ്ടുള്ള കരിക്കുലം അടിയന്തരമായി രൂപംകൊടുക്കണം. അത്തരം കരിക്കുലം ഉണ്ടാക്കുമ്പോൾ ഈ രേഖയോടൊപ്പം സമർപ്പിച്ച കരിക്കുലം നിർദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.

ലോവർപ്രൈമറി അപ്പർ പ്രൈമറി സെക്കണ്ടറി ഹയർ സെക്കണ്ടറി എന്നിങ്ങനെയുള്ള ഘട്ടവിഭാഗങ്ങൾ മാറ്റി ദേശീയനയം കേരളത്തിലും പിൻതുടരണം (1-5, 6-8, 9-12).

11, 12 ക്ലാസുകൾ ഐച്ഛികവിഷയങ്ങൾ തെരഞ്ഞെടുത്തു പഠിക്കാൻ അവസരമുണ്ട് എന്നതൊഴിച്ചാൽ ഇന്നത് സ്കൂൾ വിദ്യാഭ്യാസത്തിൻെറ ഭാഗം തന്നെയാണ്. പക്ഷേ, ഈ ഡൈവേഴ്സിഫിക്കേഷൻ 11-ാംക്ലാസിൽ ആരംഭിക്കുന്നതിന് ഏറെ ന്യായീകരണങ്ങളില്ല. കാരണം 13 വയസു വരെയുള്ള പ്രൈമറി ഘട്ടത്തെ തുടർന്ന് സെക്കൻഡറിഘട്ടം ആരംഭിക്കുക എന്നതാണ് ശാസ്ത്രീയം. അങ്ങനെ വരുമ്പോൾ 9-ാം ക്ലാസ് മുതൽ കോഴ്സുകൾ ഡൈവേഴ്സിഫൈ ചെയ്യാവുന്നതാണ്. എട്ടാംതരം കഴിയുന്നതോടെ കുട്ടിയുടെ അഭിരുചികൾക്കും കഴിവുകൾക്കും വ്യക്തിഗത കൈവന്നിരിക്കും. എന്നാൽ അതിൻെറ അടിസ്ഥാനത്തിൽ സ്വയം തീരുമാനമെടുക്കുന്നതിനുപകരം നിലവിലുള്ള വിദ്യാഭ്യാസ സങ്കൽപങ്ങളാൽ നയിക്കപ്പെടുന്ന രക്ഷിതാവിൻെറ തീരമാനപ്രകാരമാണ് പലപ്പോഴും കുട്ടി വിഷയം ഇഛിക്കുക. ഇതൊഴിവാക്കാൻ

എട്ടാംതരം കഴിഞ്ഞ കുട്ടിക്ക് ഒരു അഭിരുചിപരീക്ഷ നടത്തുന്നതിൽ തെറ്റില്ല. എന്നാൽ ഒട്ടനവധി സ്പെഷലൈസേഷൻ വിഷയങ്ങളിൽനിന്നും ഒന്നു തെരഞ്ഞെടുക്കുന്നതിനുപകരം സയൻസ്, ഹ്യുമാനിറ്റിസ് എന്നിങ്ങനെ രണ്ട് ഓപ്ഷൻ കൊടുക്കുന്നതാണു നല്ലത്. ഇവിടെയും കരിക്കുലം ഒരു പ്രശ്നമാണ്. 12-ാം തരണം ടെർമിനൽ ഘട്ടമായി അംഗീകരിച്ച് +2 വരെയുള്ള ഒരു കരിക്കുലമാണ് തയ്യാറാക്കേണ്ടത്. ഇതിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സിലബസ് 9, 10 ക്ലാസുകളിൽ രണ്ട് ബ്രാഞ്ചുകളായി പിരിയണം. തുടർന്ന് 11, 12 കാലസുകളിൽ ഓരോ ബ്രാഞ്ചും കൂടുതൽ സ്പെഷലൈസേഷൻ സാധ്യതകളോടെ വേർപിരിയണം. ഒരുപിടി അക്കാദമിക് പണ്ഡിതൻമാരെണ സൃഷ്ടിക്കുന്നതിനു വേണ്ടിയാകരുത് ഇവിടെയും ഡൈവേഴ്സിഫിക്കേഷൻ എല്ലാവരേയും എത്ര ചെറുതായാലും ഏതെങ്കലുമൊരു ജീവിതതുറയ്ക്ക് സജ്ജമാക്കുകയാണ് വേണ്ടത്. ചുരുക്കത്തിൽ സമൂഹത്തിൻെറ പൊതുതാൽപര്യങ്ങൾക്കൊപ്പം വിദ്യാർഥിയുടെ വ്യക്തിഗത താൽപര്യങ്ങളും പരിഗണിക്കപ്പെടുന്ന ഒരു സെക്കൻഡറി ഘട്ടമാണ് നാം വിഭാവനം ചെയ്യേണ്ടത്. ഏതെങ്കിലും ഒരു തൊഴിൽ എന്നല്ല, പ്രാദേശിക സമൂഹത്തിനാവശ്യമുള്ള തൊഴിൽ എന്നതിനായിരിക്കണം ഊന്നൽ. അതായത് കരിക്കുലം രൂപീകരണത്തിൽ പ്രാദേശിക പരിഗണനകൾക്കു സ്ഥാനം ലഭിക്കണം എന്നർഥം ഇന്ന് പൊതുവിദ്യാഭ്യാസത്തിൻെറ അന്ത്യഘട്ടത്തിൽ കാണുന്ന അക്കാദമിക് വൊക്കേഷണൽ ചേരിതിരിവ് ഇല്ലാതാകണം.

## പ്ലസ്ടു കോഴ്സുകൾ എങ്ങനെയാവണം

പ്ലസ്ടു കോഴ്സുകൾ കൂടുതൽ തൊഴിലധിഷ്ഠിതമാവണം. എൻസിഇആർടി സിലബസ് അനുസരിച്ച് കുറെ ഏറെ വിവരങ്ങൾ വിദ്യാർഥികളുടെ തലയിൽ കുത്തിനിറയ്ക്കുന്നത് പ്രയോജനരഹിതമാണ്. സമൂഹത്തിൻെറ ആവശ്യങ്ങളാകണം ഇവിടെ കരിക്കുലത്തിൽ നിയന്ത്രിക്കുന്ന ഘടകം. കേരള സാഹചര്യങ്ങളിൽ ഏറ്റവും വലിയ സാമ്പത്തിക് മേഖല കൃഷി, കാർഷികസംസ്കരണ വ്യവസായങ്ങൾ. അസംഘടിതമേഖല എന്നിവയാണ്. അതിലേക്ക് നിരവധി പരിശീലനം ലഭിച്ച പ്രവർത്തകരെ ആവശ്യമുണ്ട്. കൂടാതെ ആധുനിക വ്യവയങ്ങളിലും മറ്റു തൊഴിൽമേഖലകളിൽ മനുഷ്യവിഭവം ആവശ്യമാണ്. സേവന മേഖലയിൽതന്നെ വിദഗ്ദപരിശീലനം ലഭിച്ച പ്രവർത്തകർ കുറവാണ്. കൃഷി, ജലസേചനം, ഊർജോൽപാദനം, ഫിഷറീസ്, കാലിവളർത്തൽ,

സെറികൾച്ചർ, പരിസ്ഥിതിസംരക്ഷണം, സഹകരണം, പരമ്പരാഗത വ്യവസായങ്ങൾ, കമ്പ്യൂട്ടർ സയൻസ് തുടങ്ങി പരിശീലനം നൽകേണ്ട തൊഴിൽ മേഖലകൾ നിരവധിയാണ്. ഇവിടെയാണ് പ്രാദേശികകരിക്കുലത്തിൻെറ പ്രസക്തി. പഠനം തൊഴിലധിഷ്ഠിത ആകണമെങ്കിൽ പാഠം കാണാതെ പഠിച്ചതുകൊണ്ടായില്ല പ്രാദേശികമായി പ്രായോഗിക പരിശീലനം ലഭിക്കണം. പ്രാദേശികമായി ലഭ്യമായ തൊഴിൽമേഖലകളിൽ നേടുന്ന പ്രായോഗിക പരിശീലനം പ്രാദേശികകരിക്കുലത്തിൻെറ ഭാഗമാകണം. ഇത്തരം കോഴ്സുകളെ സംബന്ധിച്ചിടത്തോളം അധ്യാപകരുടെ പരിശീലനംവളരെ പ്രധാനപ്പെട്ടതാണ്. പ്രാദേശികതൊഴിൽ മേഖലകളിൽ പ്രത്യേകപരിശീലനം നേടത്തക്കവിധം ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അധ്യാപകപരിശീലനം നടക്കണം. അധ്യാപകപരിശീലനം നടക്കണം. അധ്യാപകനിയമനത്തിനും വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാക്കണം. ഒരു പൊതു എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ അധ്യാപകനിയമനം നടത്തുന്നതാണ് അഭികാമ്യം. പ്ലസ്ടു അധ്യാപകരെ പ്രാദേശിക അധ്യാപകപരിശീലനങ്ങൾക്കുകൂടി നിയോഗിക്കാവുന്നതാണ്. ഹയർ സെക്കൻഡറി ക്ലാസുകളിൽ ഭാഷാപഠനം ഇന്നൊരു തർക്കവിഷയമായിട്ടുണ്ട്. ഒരുഭാഷ പഠിക്കാൻ 10 കുട്ടികളുണ്ടെങ്കിൽ ആ ഭാഷ പഠിക്കാം എന്ന രീതി അംഗീകരിക്കുന്നത് കാര്യക്ഷമത കുറഞ്ഞ ഒരു വിദ്യാഭ്യാസമാനേജ്മെൻറാണ്. എന്നാൽ പത്താംതരംവരെ പഠിച്ചുവന്ന ഒരു ഭാഷ തുടർന്നും പഠിക്കാനുള്ള വിദ്യാർഥിയുടെ അവകാശം അംഗീകരിക്കുകയും വേണം. ഓരോ സ്കൂളുകളിലേയും കോഴ്സുകൾ മുൻകൂട്ടി പ്രഖ്യാപിക്കുകയും ആ കോഴ്സുകളിൽ ചേർന്ന പഠിക്കാൻ താൽപര്യമുള്ള കുട്ടികളിൽ നിന്നുമാത്രം അപേക്ഷ സ്വീകരിക്കുകയും ചെയ്താൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം. അതോടൊപ്പം പ്ലസ് ടു വിദ്യാലയങ്ങളും കോഴ്സുകളും ഒരു സർവേയുടെ അടിസ്ഥാനത്തിൽ മാത്രമേ അനുവദിച്ചുകൂടു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിൻെറ തുടർച്ചയായി മാറേണ്ട ഹയർ സെക്കണ്ടറി പൊതുവിദ്യാഭ്യാസ സംവിധാനങ്ങളിൽനിന്നു വേറിട്ടുനിൽക്കരുത്. പൊതുവിദ്യാഭ്യാസഡയറക്ടറുടെ കീഴിൽ തന്നെയാണ് ഹയർ സെക്കണ്ടറി വരേണ്ടത്. ഭരണസൗകര്യങ്ങൾക്കുവേണ്ടി പ്രൈമറി സെക്കണ്ടറി ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് പ്രവൃത്തിവിഭജനം ആകാം. ജില്ലാതലത്തിൽ വിദ്യാഭ്യാസഡെപ്യൂട്ടി ഡയറക്ടർമാരുടെയും ഡിഇഒമാരുടേയും കീഴിൽതന്നെയാവണം ഹയർസെക്കണ്ടറി. അതു

പോലെ കലാകായികമേളകളിൽ നിന്നും ഹയർസെക്കണ്ടറി അടർത്തി മാറ്റരുത്.

## കമ്പ്യൂട്ടർ വിദ്യാഭ്യാസം

വ്യക്തമായ ആസൂത്രണമില്ലാതെയാണ് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർപഠനം ആരംഭിച്ചത്. എന്തിനുവേണ്ടിയെന്നോ, എങ്ങനെയെന്നോ വ്യക്തതയില്ലാതെ നടത്തുന്ന ഈ കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങൾ ഇന്നാകെ തകരാറിലാണ്. ആർ എന്ത് എപ്പോൾ പഠിപ്പിക്കണമെന്നോ, എങ്ങനെ മൂല്യനിർണയം നടത്തണമെന്നോ, ഉപകരണങ്ങളുടെ മെയിൻറനൻസ് ആരു നടത്തണമെന്നോ ആർക്കും വ്യക്തതയില്ലാത്ത അവസ്ഥയിൽ തട്ടിമുട്ടി നീങ്ങുന്ന ഒരു കമ്പ്യൂട്ടർപഠനംകൊണ്ട് വലിയ പ്രയോജനമൊന്നും ലഭിക്കില്ലല്ലോ. വിദ്യാഭ്യാസടെക്നോളജിയിൽവന്ന മാറ്റങ്ങൾ നമ്മുടെ സ്കൂളുകളിൽ എങ്ങിനെ പ്രയോജനപ്പെടുത്താം എന്നതിനെകുറിച്ച് ഒരു പദ്ധതിതന്നെ തയ്യാറാക്കേണ്ടതുണ്ട്. ഹയർസെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർകോഴ്സുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഈ ബാച്ചുകളെ മെച്ചപ്പെടുത്തുന്ന രീതിയിലാവണം ഹൈസ്കൂൾ ക്ലാസുകളിലെ കമ്പ്യൂട്ടർപഠനം.

## എസ്എസ്എൽസിയിലെ മാറ്റം

കഴിഞ്ഞവർഷം മുതൽ എസ്എസ്എൽസി ബുക്കിലും ചില മാറ്റങ്ങൾ വരുത്തി. എസ്എസ്എൽസി രണ്ടായിരമാണ്ടോടെ പുതിയ പദ്ധതി കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചു. എസ്എസ്എൽസി ബുക്കിലെ മാറ്റവും അഭിലഷണീയമായ രീതിയിലായില്ല. കാർഡ്രീതിയും ഫോട്ടോ പതിയ്ക്കലും. രക്തഗ്രൂപ്പ് എഴുതലും ആവശ്യമുണ്ടോ എന്ന കാര്യം ഗൗരവമായി ചിന്തിക്കണം. പുതിയ കാർഡ് രീതിയിലേക്കുള്ള മാറ്റം രക്ഷിതാക്കളും വിദ്യാർഥികളും അധ്യാപകരും ഉൾക്കൊണ്ടിട്ടില്ല. ധൃതിപിടിച്ചുള്ള ഈ മാറ്റം എന്തിനായിരുന്നു എന്നുപോലും വ്യക്തമാക്കിയിട്ടില്ല. കാർഡ് രീതിയിൽ ഈ വർഷവും ചില മാറ്റങ്ങൾ വരുത്തി. ഈ രീതി ഇനിയും മാറ്റുമെന്നാണ് അധികൃതർ പ്രഖ്യാപിച്ചിട്ടുള്ളത്.

## അധ്യാപക പരിശീലനം

പാഠ്യപദ്ധതിയിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ചുള്ള അധ്യാപ

കപരിശീലനം ഏറെക്കുറെ ലഭിച്ചിട്ടുള്ളത് ഡിപിഇപി സംവിധാനം നില വിലുള്ള ജില്ലകളിലെ പ്രൈമറി അധ്യാപകർക്കു മാത്രമാണ്. ഇവിടങ്ങ ളിൽ ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് പരിശീലനം പുതിയ രീതിയിൽ നടത്തി. നിലവിലുള്ള അധ്യാപകപരിശീലന സങ്കൽപ ങ്ങളെ തിരുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികളിൽ അധ്യാപകർ ആദ്യഘട്ടം അറച്ചുനിന്നെങ്കിലും ക്രമേണ മാറ്റങ്ങൾ ഉണ്ടായി. ചില ജില്ല കളിൽ പരിശീലകരുടെ അഭാവം ഉണ്ടായിട്ടുണ്ടെങ്കിലും പരിപാടി കുറ്റമ റ്റതാക്കാൻ ശ്രദ്ധിച്ചു.

ഡിപിഇപി പിൻതുണ സംവിധാനങ്ങൾ ഇല്ലാത്ത ജില്ലകളിൽ പുതിയ പാഠ്യപദ്ധതി പരിശീലനം താളംതെറ്റി. സമയത്തു നൽകിയില്ല. ആരു നൽകണം? എങ്ങനെ നൽകണം? സാമ്പത്തിക ബാധ്യത ആര് ഏറ്റെടുക്കും. തുടങ്ങിയ ചർച്ചകൾകൊണ്ട് മാസങ്ങൾ പിന്നിട്ടു. അവസാനം ൨൪ നവംബർമാസത്തിലാണ് പരിശീലനകാര്യം തീരുമാനമാ യത്. സ്കൂൾ തുറന്ന് ആറുമാസം കഴിഞ്ഞ് പരിശീലനം നടത്തിയത് വിദ്യാഭ്യാസവകുപ്പിൻെറ പിടിപ്പുകേടിൻെറ പ്രത്യക്ഷതെളിവാണ്. നൽകിയ രപിശീലനമാകട്ടെ, വേണ്ടത്ര ആയതുമില്ല.

ഡിപിഇപി പദ്ധതിയുടെ പിൻബലമില്ലാതെ പുതിയ സമീപനവും രീതിയും നടപ്പാക്കുന്ന എട്ടു ജില്ലകളെ സംബന്ധിച്ചിടത്തോളം പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയത് കൂടുതൽ സങ്കീർണവും ഗുരുതരവു മായ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. SCERT യുടെ നേതൃത്വ ത്തിൽ അടിയന്തരമായി ഈ ജില്ലകളിലെ അധ്യാപകർക്ക് ആവശ്യമായ അക്കാദമിക് പിന്തുണ ഉറപ്പാക്കണം. അല്ലാത്തപക്ഷം അത് കേരളത്തി ലെ വിദ്യാഭ്യാസരംഗത്ത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും.

## അധ്യാപകൻെറ യോഗ്യതകൾ

സെക്കൻഡറി തലത്തിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് ബന്ധ പ്പെട്ട വിഷയങ്ങളിൽ ലഭിച്ച ഡിഗ്രിയും ബിയെഡുമാണ് യോഗ്യത. ഇന്നത്തെ സിലബസിൻെറ വൈപുല്യം അധ്യാപകൻെറ മിനിമം യോഗ്യ തയിൽ ഉയർച്ച ആവശ്യപ്പെടുന്നു. അധ്യാപകപരിശീലനത്തിലും മാറ്റം വരേണ്ടതുണ്ട്. തങ്ങൾ പഠിച്ചിട്ടില്ലാത്ത വിഷയങ്ങൾ പഠിപ്പിക്കേണ്ടിവ രുന്ന ധാരാളം സന്ദർഭങ്ങൾ ഉണ്ട്. ഹയർസെക്കൻഡറിയിലാകട്ടെ പഠി പ്പിക്കുന്ന വിഷയത്തിൽ പിജി വേണമെന്നുമാത്രമെ നിബന്ധനയുള്ളൂ. ഡിഗ്രിക്കു പഠിച്ച വിഷയമല്ല പലരും പിജിക്കു തെരഞ്ഞെടുക്കുന്നത്.

വിഷയത്തിൽ വേണ്ടത്ര അവഗാഹമില്ലാതെ ക്ലാസിൽപോയി പഠിപ്പിക്കുന്ന അധ്യാപകൻെറ അവസ്ഥ ഒട്ടും സുഖകരമാവില്ലല്ലോ. ഇൻസർവീസ് ട്രെയിനിങ്ങുകൾ മാത്രമാണിവിടെ പരിഹാരം. ലാബ്ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും ക്ലാസ്റൂം പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും അധ്യാപകരെ പ്രാപ്തരാക്കുന്നവിധം ഇത്തരം ട്രെയിനനിങ്ങുകൾ പുനസംവിധാനം ചെയ്യണം. അധ്യാപകപരിശീലനപരിപാടികൾ ഡയറ്റുകൾ ജില്ലാ റിസോഴ്സ് സെൻററുകൾ എന്നിവ വഴി നടത്താവുന്നാതണ്.

ടിടിസി ബിയെഡ് തുടങ്ങിയ കോഴ്സുകൾ പുന:സംവിധാനം ചെയ്യണം.

## വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ

വിദ്യാഭ്യാസ ഗവേഷണത്തിനും അധ്യാപക പരിശീലനത്തിനുംവേണ്ടി രൂപംകൊണ്ട എസ്സിഇആർടി പക്ഷേ. ആ ഒരു തലത്തിലേക്കുയർന്നിട്ടില്ല. എസ്.ഐ.ഇ ആയിരുന്ന കാലത്തേതിൽനിന്നും എസ്.സി.ഇ. ആർ.ടിയിലേക്കുള്ള മാറ്റം അനുഭവവേദ്യമാവുന്നില്ല. പുസ്തക രചന. പ്രിൻറിംഗ് വിതരണം. അധ്യാപക പരിശീലനം തുടങ്ങിയ ജോലികളെല്ലാം പഴയ ശൈലിയിൽതന്നെ വഴിപാടുകളായി നടക്കുന്നു. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ കുറെ അധ്യാപകരുണ്ടിവിടെ മിക്കവാറും ക്ലറിക്കൽ ജോലിയാണിക്കൂട്ടർ ചെയ്യുന്നതെന്നുമാത്രം. ഗവേഷണം എന്നത് സ്ഥാപനത്തിൻെറ നെയിംബോർഡിൽ മാത്രമൊതുങ്ങുകയാണ്. എസ്.സി.ഇ.ആർ.ടിയുടെ സാമ്പത്തിക വിനിമയവും ക്ഷമത കുറഞ്ഞതാണ്. എസ്.സി.ഇ. ആർ.ടി. വ്യക്തമായും പുന:സംഘടിപ്പിക്കേണ്ടതുണ്ട്. കേവലം ക്വാളിഫിക്കേഷൻ മാത്രമാകരുത് ഇത്തരം സ്ഥാപനങ്ങളിലെ നിയമന മാനദണ്ഡം. അധ്യാപക സംഘടനാ പ്രതിനിധികൾ ഉൾപ്പെടെ കൂടുതൽ അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉപദേശകസമിതിയുടെ നിയന്ത്രണത്തിലാവണം എസ്.സി.ഇ ആർ.ടി. ഇതിൻെറ കണക്കുകൾ സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാവണം. എൻ.സി.ഇ.ആർ.ടിയും എസ്.സി.ഇ.ആർ.ടി.യും തമ്മിൽ കുറെക്കൂടി സുദൃഢമായ ബന്ധംവേണം. പാഠപുസ്തകങ്ങളുടെ നിർമ്മാണംപോലുള്ള കാര്യങ്ങളിൽപോലും എൻ.സി.ഇ.ആർ.ടി. ഇന്നു വേണ്ടവിധം ഇടപെടുന്നില്ല. ഈ അവസ്ഥ മാറണം.

ഡയറ്റുകളുടെ പ്രവർത്തനരീതിയിലും മാറ്റം അനിവാര്യമാണ്. സാധാരണ സ്കൂളുകളിൽ ഡയറ്റിൻെറ സാന്നിദ്ധ്യം അനുഭവപ്പെടുന്നേയില്ല. ജില്ലാ റിസോർഴ്സ് സെൻററുകളുടേയും ഡയറ്റിൻെറയും സംയുക്താഭിമുഖ്യത്തിൽ അധ്യാപക പരിശീലന ഗവേഷണ പ്രവർത്തനങ്ങൾ നടക്കണം. ഏതൊരു അധ്യാപകനും റിസോഴ്സിനുവേണ്ടി സമീപിക്കാവുന്ന കേന്ദ്രങ്ങളായി ഇവയെ മാറ്റിയെടുക്കണം. ഇതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ സജ്ജമാക്കണം. അല്ലാതെ വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ മേൽക്കോയ്മ സ്ഥാപനങ്ങൾ വന്നതുകൊണ്ടായില്ല.

## ലബോറട്ടറി ലൈബ്രറി

സെക്കൻഡറി ഘട്ടത്തിൽ ലബോറട്ടറി ലൈബ്രറി തുടങ്ങിയവയുടെ ഉപയോഗം ശാസ്ത്രീയവും കാര്യക്ഷമവുമാക്കേണ്ടതുണ്ട്. ഇന്ന് ലൈബ്രറികളുടേയും ലബോറട്ടറികളുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് ശരിയായ സംവിധാനം ഇല്ല. ഒറ്റ ലൈബ്രറി പുസ്തകം പോലും എടുത്തു. വായിച്ചിട്ടില്ലാത്ത കുട്ടിക്ക് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാം എന്ന അവസ്ഥയുണ്ട്. ഒരു ടെസ്റ്റ് ട്യൂബുപോലും കണ്ടിട്ടില്ലാത്ത കുട്ടികളെ ഹൈസ്കൂളുകളിൽ കണ്ടെന്നും വരാം. ലക്ഷക്കണക്കിന് രൂപയുടെ മൂലധന നിക്ഷേപം പാഴായിപോവുന്നു. എന്നർത്ഥം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലൈബ്രറി ലബോറട്ടറി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കൊണ്ടുവരണം. QIP പദ്ധതികളിലും ഇക്കാര്യം ഉൾപ്പെടുത്തണം.

## മേളകൾ

വിദ്യാർത്ഥികളുടെ കലാകായികശേഷികൾ കണ്ടെത്തി വികസിപ്പിക്കാൻ മേളകൾ സഹായിക്കും എന്നകാര്യത്തിൽ തർക്കമില്ല. എന്നാൽ ആരോഗ്യകരമായ മൽസരങ്ങളിൽനിന്നു വിട്ട് പൊലിസും കോടതിയും വരെ ഇടപെട്ട് സമ്മാനങ്ങൾ മാത്രം ലാക്കാക്കി. പതിനായിരങ്ങൾമുടക്കി നേടുന്ന വിജയങ്ങൾ ഈ ലക്ഷ്യത്തിലേക്കു നയിക്കുകയില്ല. എന്നു വ്യക്തം പൊതു വിദ്യാഭ്യാസ ധാരയിൽ വരുന്ന ലക്ഷക്കണക്കിനു കുട്ടികളിൽ എത്രയോ ചെറിയ ശതമാനം പേർക്കുമാത്രം പ്രയോജനപ്പെട്ടേക്കാവുന്നവിധം ഈ മേളകൾ ഇങ്ങനെ നടത്തുന്നതിൽ അർത്ഥമില്ല ജില്ലാതലത്തിനു മുകളിലേക്ക് കലാകായിക മൽസരങ്ങൾ കൊണ്ടുപോകുന്നതോ ഗ്രേസ്മാർക്കുകൾ വിതരണംചെയ്യുന്നതോ തീർത്തും അനാ

രോഗയക്രമമാണ്. എന്നാൽ, പഞ്ചായത്തുതലത്തിലോ, ജില്ലാതലത്തിലോ വച്ചു കണ്ടെത്തുന്ന പ്രതിഭകൾക്ക് തുടർ പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാവണം.

## കെ.ഇ.ആർ പരിഷ്കരണം

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും ത്രിതല പഞ്ചായത്തുകളും തമ്മിൽ സുദൃഢമായ ബന്ധമുണ്ട്. ആസൂത്രണത്തിൻെറ മാർഗരേഖകളിലും നിയമാവലികളിലും അതിനനുസരിച്ച മാറ്റങ്ങളും വന്നുകഴിഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസചട്ടങ്ങളിലും ഇതിനനുസരിച്ച മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കെഇആർ പരിഷ്കരണത്തിനുള്ള നടപടികൾ വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹയർസെക്കണ്ടറിയെകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ കെ.ഇ.ആർ. പരിഷ്കരണം ഉടനടി പൂർത്തിയാക്കണം.

## അടിയന്തിര ആവശ്യങ്ങൾ

❒ SCERT - DPEP ഏകോപിപ്പിച്ച് വിദ്യാഭ്യാസ പരിഷ്കരണങ്ങളെ ശക്തമാക്കുക.

❒ DPEP ക്ക് എതിരെ വന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് മറുപടി പറയുകയും വസ്തുതകൾ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുക. DPEP യുടെ അലംഭാവം മാറ്റുക. ധൂർത്ത് അവസാനിപ്പിക്കുക.

❒ നോൺ ഡി.പി.ഇ.പി. ജില്ലകളിൽ അധ്യാപകർക്ക് വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ല. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളേയും പ്രൊട്ടക്ടഡ് അധ്യാപക തസ്തികകളേയും പ്രയോജനപ്പെടുത്തി ഈ ജില്ലകളിൽ അധ്യാപക പരിശീലനം ശക്തമാക്കുക. പിന്തുണാ സംവിധാനം ഉറപ്പുവരുത്തുക.

❒ അഞ്ചാംക്ലാസിലെ പാഠപുസ്തകങ്ങളിലെ പോരായ്മകൾ പരിഹരിക്കുക.

❒ അൺ എയ്ഡഡ് സ്കൂളുകളിൽകൂടി പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുക. പുതിയ മൂല്യനിർണ്ണയ രീതി എല്ലാതലങ്ങളിലേക്കും വ്യാപിപ്പിക്കുക. അതിന് അധ്യാപകർക്ക് പരിശീലനം നൽകുക സമയബന്ധിതമായി.

❒ പാഠപുസ്തകങ്ങളുടെ പ്രിൻറിംഗും വിതരണവും സമയബന്ധി

16420

തമായി പൂർത്തിയാക്കുക.

❒ എസ്.സി.ഇ.ആർ.ടി. യുടെ ഇന്നത്തെ അവസ്ഥ പരിശോധിച്ച് പുനഃസംഘടിപ്പിക്കുക. ഇതിനാവശ്യമായ പ്രാഥമിക ചർച്ചകൾ ഉടൻ നടത്തുക.

❒ ഹയർ സെക്കൻഡറി സ്കൂളുകളും കോഴ്സുകളും ആരംഭിക്കുന്നതിന് ശാസ്ത്രീയമായ സർവ്വേയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളുണ്ടാക്കുക. ആരംഭിച്ച സ്കൂളുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

❒ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകൾ ഉടൻ നികത്തുക.

❒ കെ.ഇ.ആർ. പരിഷ്കരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുക.

## ഉപസംഹാരം

വിദ്യാഭ്യാസ ശിൽപശാലയിൽ ഉരുത്തിരിഞ്ഞ വന്ന ആശയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള രേഖയാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. അടിയന്തിരമായി ശ്രദ്ധിക്കേണ്ട ചില ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. ഏതൊരു ചിന്താപദ്ധതിയും ജനകീയ ചർച്ചകളിലൂടെമാത്രമേ സമൂഹത്തിന്റേതായി മാറൂ. വിദ്യാഭ്യാസ പരിഷ്കാരങ്ങൾ വരേണ്യവർഗ താൽപര്യങ്ങൾക്ക് എതിരാവുമെന്ന് കാണുമ്പോൾ അത്തരം പരിഷ്കാരങ്ങളെ പല്ലും നഖവുമുപയോഗിച്ച് അക്കൂട്ടർ എതിർക്കാറുണ്ട്. 1957ൽ കേരള വിദ്യാഭ്യാസ നിയമം നടപ്പിൽ വരുത്തിപ്പോഴും ഇതുപോലുള്ള എതിർപ്പുകൾ വന്നിട്ടുണ്ട്.

കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങളെ എതിർക്കുന്നവർ ആരെന്നു തിരിച്ചറിവുണ്ടാകണം. പരിഷ്കരണങ്ങളിൽ പാളിച്ചകൾ ഉണ്ടെങ്കിൽ തിരുത്തപ്പെടണം. എന്നാൽ പരിഷ്കരണങ്ങളെ പാടില്ല എന്ന നിലപാട് ആരെ സഹായിക്കാനാണ്? എല്ലാ തലത്തിലുമുള്ള ജനകീയ ചർച്ചകളിലൂടെ പോഷിപ്പിക്കേണ്ട ആശയങ്ങളാണ് അദ്ധ്യാപക സംഘടന എന്നനിലയിൽ കെ.എസ്.ടി.എ മുന്നോട്ട് വയ്ക്കുന്നത്. ജനകീയ വേദികളിലും ഔദ്യോഗികതലങ്ങളിലും ചർച്ചകൾ നടത്തുന്നതിനു സഹായിക്കാൻ ഈ രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ രേഖയെക്കുറിച്ചുള്ള പ്രതികരണങ്ങൾ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റിയെ അറിയിക്കണം എന്ന് അഭ്യർഥിക്കുന്നു.

# കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

## ഒരു വിലയിരുത്തൽ

370

കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
(കെ.എസ്.ടി.എ)
തിരുവനന്തപുരം
1999

Indic Digital Archive Foundation
gpura.org